# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെടുമ്പന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA KLM/P7/1949/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 21/12/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമ്പന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P7/1949/2023 തീയ്യതി: 21/12/2023

## കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 31-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽകുമാർ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 04-11-2023 | 10-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-11-2023 | 10-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.അമ്പിളി ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രാജൻ.വി.ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജയേഷ് ജെ.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ഹർഷ.എൽ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഗിരിജകുമാരി എസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി ലേഖ വി എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷംന. ആർ | കൃഷി ഓഫീസർ | 01-04-2022 | 28-07-2022 |
| ശ്രീമതി സുമി മോഹൻ | കൃഷി ഓഫീസർ | 29-07-2022 | 31-03-2023 |
| ശ്രീമതി രാധാമണി കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. റാസിഫ്. എം | അസി.എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ഡോ നെബു ജോൺ | മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | 01-04-2022 | 09-12-2022 |
| ഡോ. അനീഷ്.പി. ഐ | മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | 10-12-2022 | 31-03-2023 |
| ഡോ.ശ്രീജ | മെഡിക്കൽ ഓഫീസർ-ആയൂർവേദം | 01-04-2022 | 14-06-2022 |
| ഡോ. സീബ | മെഡിക്കൽ ഓഫീസർ-ആയൂർവേദം | 15-06-2022 | 31-03-2023 |
| ഡോ ശ്രീരേഖ എസ് | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി ബിന്ദു ജെ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സമീന.എച്ച്. സ് | ഡയറിഫാംഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ അജി വി | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ നവീൻ ആർ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ ഷിയാസ് അഹമ്മദ് | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി മിനി സാമുവേൽ | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി മിനില്ലക്കോസ് | എ.ഇ, എൻ ആർ ഇ ജി എസ് | 01-04-2022 | 31-12-2022 |
| ശ്രീ. റെജി.ആർ | എ.ഇ, എൻ ആർ ഇ ജി എസ് | 01-01-2023 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ. ശ്രീ ഷാജി റഹ്മാൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | ആസ്തി കൃത്യമല്ല. | 1-1-1 |
| 3 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ട്രഷറിയിൽ നിന്നും ചെലവാകാത്ത തുകകൾ വെബ് സാംഖ്യാ എ.സി.ആറിൽ ചെലവായി ഉൾപ്പെട്ടിരിക്കുന്നു. | 1-1-3 |
| 5 | ബാധ്യത കൃത്യമല്ല. | 1-1-4 |
| 6 | വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചില്ല. | 1-1-5 |
| 7 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-6 |
| 8 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-8 |
| 10 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-9 |
| 11 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല. | 1-1-10 |
| 12 | നിക്ഷേപ സ**ർ**ട്ടിഫിക്കറ്റ് ലഭ്യമല്ല. | 1-1-11 |
| 13 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് / ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുക**ൾ** നടത്തിയതിന്റെ വിവരം | 1-10 |
| 23 | തൊഴിൽ നികുതി ഈടാക്കിയതിൽ അപാകതകൾ | 1-11 |

| | | |
|---|---|---|
| 24 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചു. | 1-12 |
| 25 | ഷോപ്പിംഗ് കോംപ്ലക്സ് - വാടക സമയബന്ധിതമായി ഈടാക്കുന്നില്ല. | 1-13 |
| 26 | വിനോദനികുതി - വരവ് തുകയുടെ ആധികാരികത വ്യക്തമല്ല. | 1-14 |
| 27 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-15 |
| 28 | 'വിമുക്തി' പദ്ധതി - മുൻകൂർ പിൻവലിച്ചതിൽ 1,040/-രൂപയുടെ ചെലവ് ക്രമീകരിച്ചില്ല. | 1-16 |
| 29 | ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല. | 1-17 |
| 30 | വീടുകൾ വാസയോഗ്യമാക്കൽ - പണി പൂർത്തീകരിച്ചില്ല. | 1-18 |
| 31 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പണി പൂർത്തിയാക്കിയില്ല. | 1-19 |
| 32 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - നിർമ്മാണ സാധനങ്ങൾ കുടുംബശ്രീ വഴി വിപണിവിലയിൽ കൂട്ടി വാങ്ങി. | 1-20 |
| 33 | സ്റ്റാക്ക് ചെയ്തതിൽ കൂടുതൽ മണൽ ഉപയോഗിച്ചതായി രേഖപ്പെടുത്തി അധികം തുക അനുവദിച്ചു. | 1-21 |
| 34 | മരാമത്ത് പ്രവൃത്തി - അധിക ചെലവ് അംഗീകരിക്കുന്നില്ല. | 1-22 |
| 35 | വെറ്ററിനറി സബ് സെന്റർ മെയിന്റനൻസ് - വൈദ്യുതീകരണവും, വാട്ടർ കണക്ഷനും ഒഴിവാക്കി :1,13,061/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 36 | ഹരിതകർമസേന - പ്രവർത്തന അവലോകനം | 1-24 |
| 37 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. | 1-25 |
| 38 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - അധികം തുക നൽകി. | 1-26 |
| 39 | സോളാർ പാനലുകളുടെ പ്രവർത്തനക്ഷമതാ പരിശോധനാ റിപ്പോർട്ട് ഇല്ല. | 1-27 |
| 40 | തദ്ദേശസ്ഥാപനങ്ങളുടെ ഭൂമി ശാസ്ത്രവിവര സംവിധാനം - തുക നൽകിയിട്ടും പദ്ധതി നടപ്പിലാക്കിയില്ല. | 1-28 |
| 41 | റീ-ടെണ്ടർ ചെയ്തത് കാരണം അധിക ചെലവ്. | 1-29 |
| 42 | പന്ത്രണ്ടാം തരം തുല്യത - ഗുണഭോക്താവല്ലാത്തവരുടെ പേരിൽ സാക്ഷരതാ മിഷന് തുക നൽകി. | 1-30 |
| 43 | പി.എം.എ.വൈ പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-31 |
| 44 | അംഗൻവാടി നിർമ്മാണം - പൂർത്തിയാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. | 1-32 |
| 45 | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-33 |
| 46 | പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടപ്പാക്കാത്തതിനാൽ പഞ്ചായത്തിന് അധിക ബാദ്ധ്യത. | 1-34 |
| 47 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - മുൻകൂർ നൽകിയെങ്കിലും പണി പൂർത്തിയാക്കിയില്ല. | 1-35 |

| | | |
|---|---|---|
| 48 | തനത് വരുമാനം - അവലോകനം | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | വിവിധ വാർഡുകളിൽ മിനി എം.സി.എഫ് സ്ഥാപിക്കൽ : 19,756/-രൂപയുടെ അധികചെലവ് നിരാകരിക്കുന്നു. | 3-1 |
| 2 | സ്റ്റാക്ക് ചെയ്യുതിൽ കൂടുതൽ മണൽ ഉപയോഗിച്ചതായി രേഖപ്പെടുത്തി അധികം തുക അനുവദിച്ചു. | 3-2 |
| 3 | പന്ത്രണ്ടാം തരം തുല്യത - ഗുണഭോക്താവല്ലാത്തവരുടെ പേരിൽ സാക്ഷരതാ മിഷന് തുക നൽകി. | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 30-6-23 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 5(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 11-7-23 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്നതരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടുകൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-1 ആസ്തി കൃത്യമല്ല.

(1) തനതു ഫണ്ട് ബാങ്ക് അക്കൗണ്ടിന്റെ ഫെഡറൽ ബാങ്കിലെ 21560100065034 നമ്പർ അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 118785/22-3-23 നമ്പർ ചെക്ക് പ്രകാരം 5,40,000/-രൂപ Cheque Issued Not Presented To Bank എന്ന പേരിൽ ചേർത്തിരിക്കുന്നു. എന്നാൽ പ്രസ്തുത തുക ട്രഷറി LGTSB യിലെ 7895537/22-3-23 നമ്പർ ചെക്ക് പ്രകാരം ചെലവ് നടന്നെങ്കിലും തെറ്റായി റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചേർത്തിരിക്കുന്നു. ആയതിനാൽ നീക്കിയിരിപ്പിന്റെ

പൊരുത്തപ്പെടുത്തലിൽ അപാകതയുണ്ട്.

(2) Advance To Implementing Agencies ആയി ചേർത്തിരിക്കുന്ന തുക കൃത്യമല്ല.

1. Advance To Implementing Agencies കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും വരവ് വന്നതായി രേഖപ്പെടുത്തിയിരിക്കുന്ന 10,84,869/-രൂപയുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

2. Advance To Implementing Agencies കേരളാ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക കൃത്യമല്ല.

പദ്ധതി പ്രകാരം നിക്ഷേപിച്ച തുക - 10,00,000/-രൂപ

വാർഷികകണക്കുകൾ പ്രകാരം നിക്ഷേപിച്ച തുക – 9,75,600/-രൂപ

3. Advance To Implementing Agenceies കെ.എസ്.ഇ.ബി. യിൽ നിക്ഷേപിച്ച തുക വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

(3) Receipt & Payment 40(b) സ്റ്റേറ്റ്മെന്റിലെ (ഹെഡ്- 450210101) Own Fund Revenue അക്കൗണ്ട്, S B I Nallila – Kudumbasree (ഹെഡ്- 450210101) അക്കൗണ്ട് എന്നിവ നിഷ്ക്രിയ അക്കൗണ്ടുകളായി കാണിച്ചിട്ടുണ്ടെങ്കിലും പൊരുത്തപ്പെടുത്തൽ നടത്തിയിരിക്കുന്നു.

1-1-2 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

Contributions For Joint Venture (For Capital Expenditure) From Municipal Corporation എന്ന ഹെഡിൽ 75,00,000/-രൂപ നീക്കിയിരിപ്പ് ആയി കാണിക്കുന്നുവെങ്കിലും ആയത് നിക്ഷേപിച്ചിരിക്കുന്ന ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പ് 0. Receivable Of Redumption ആയി ഗവൺമെന്റ് പിടിച്ചെടുത്ത 80,65,200/-രൂപ നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല.

1-1-3 ട്രഷറിയിൽ നിന്നും ചെലവാകാത്ത തുകകൾ വെബ് സാംഖ്യാ എ.സി.ആറിൽ ചെലവായി ഉൾപ്പെട്ടിരിക്കുന്നു.

ട്രഷറിയിൽ നിന്നും ചെലവാകാത്ത തുകകൾ വെബ് സാംഖ്യാ എ.സി.ആറിൽ ചെലവായി ഉൾപ്പെട്ടിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ഫണ്ടിനം | അലോട്ട്മെന്റ് നമ്പർ | തുക (രൂപ) |
|---|---|---|---|
| 180/calf Feed Subsidy Scheme | Dev.gen | 560/31-3-23 | 1,37,500/- |
| 14/palliative Care | Dev.gen | 561/31-3-23 | 1,53,776/- |
| 133/Tettikkunnil Manjumukku Road Maintenance Ward-5 | MGNR | 555/31-3-23 | 2,68,454/- |
| 56/Pulamon Shethrqm Manjumukku Road | CFC | 436/15-3-23 | 4,99,488/- |
| 131/Post Office Nellikkunnam Road | CFC | 550/30-3-23 | 2,56,898/- |

1-1-4 ബാധ്യത കൃത്യമല്ല.

1) ലൈഫ് സ്റ്റേറ്റ് ഷെയർ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല.

ചെലവ് രേഖകൾ പ്രകാരം - 16,00,000/-രൂപ

വാർഷികകണക്കുകൾ പ്രകാരം - 42,00,000/-രൂപ.

ആയതിനാൽ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

2) ലൈഫ് ലോൺ ഒടുക്കാൻ ബാക്കിയുള്ള ലോൺ മുൻബാക്കിയും നീക്കിയിരിപ്പും കൃത്യമല്ല.

| | മുൻബാക്കി₹ | നീക്കിയിരിപ്പ് ₹ |
|---|---|---|

| | | |
|---|---|---|
| രജിസ്റ്റർ പ്രകാരം ഒടുക്കാൻ ബാക്കിയുള്ള തുക | 6,00,16,000/- | 7,57,29,537/- |
| വാർഷികകണക്കുകൾ പ്രകാരം ഒടുക്കാൻ ബാക്കിയുള്ള തുക | 6,92,96,667/- | 8,50,10,204/- |

3) ലൈഫ് ലോൺ തൻവർഷ ചെലവ് വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

4) ബാലൻസ് ഷീറ്റിലെ B-2 Earmarked Special Fund (311100199) ന്റെ ബാലൻസ് തുകയായ 7,09,464/-രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

5) നിക്ഷേപ രജിസ്റ്റർ പ്രകാരമുള്ള സപ്ലയർ ഇ എം ഡി തുകയുടെ മുന്നിരിപ്പ് ₹2,37,305/- ഉം ധനകാര്യ പത്രിക പ്രകാരമുള്ള മുന്നിരിപ്പ് ₹2,35,605/- ഉം ആണ്. തൻ വർഷത്തെ ക്ലോസിംഗ് ബാലൻസ് കൃത്യമാക്കുന്നതിന് നടത്തിയ അഡ്ജസ്റ്റുമെന്റുകളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

### 1-1-5 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചില്ല.

തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B1 Schedule

### 1-1-6 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ഉദാ :- റേഷ്യോസ്

### 1-1-7 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം – 89,77,600/-രൂപ
ഓപ്പറേറ്റിംഗ്, ഇൻവെസ്റ്റിംഗ്, ഫിനാൻസിങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് - 60,36,012/-രൂപ

### 1-1-8 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

സ്റ്റോക്ക് രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ആസ്തികളുടെ മൂല്യം നിർണ്ണയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ആസ്തി വിവരങ്ങൾ തയ്യാറാക്കി ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-9 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

ഉദാ :- വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.

### 1-1-10 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റിൽ I-18, I-19 – പ്രയർ പീരിയഡ് ഐറ്റംസ് - എന്ന് രേഖപ്പെടുത്തിയ ഷെഡ്യൂളുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെടുത്തുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

### 1-1-11 നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമല്ല.

B-12 INVESTMENT ആയി കാണിച്ചിരിക്കുന്ന 3,000/-രൂപയുടെ നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമായില്ല.

### 1-1-12 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ഭരണഘടനാ സാക്ഷരത പദ്ധതി പ്രകാരമുള്ള ചെലവ് 2,70,215/-രൂപയാണ്. എന്നാൽ യഥാർത്ഥ ചെലവ് 2,56,350/-രൂപയാണ്. സുലേഖ പ്രകാരമുള്ള അധിക

ചെലവിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1-2 ബജറ്റ്

16.03.22 ലെ 1 നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 27.02.23 ലെ 1 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,18,18,653/-രൂപ |
| വരവ് | 9,89,28,856/-രൂപ |
| ആകെ | 12,07,47,509/-രൂപ |
| ചെലവ് | 8,99,51,256/-രൂപ |
| നീക്കിയിരിപ്പ് | 3,07,96,253/-രൂപ |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം | 31,576/-രൂപ |
| തടസ്സപ്പെടുത്തിയ തുക | 65,65,103/-രൂപ |

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവ് - ചെലവുകൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

1-4 ഗ്രാന്റ് / ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 31544000/- | 31544000/- | 30012658/- | 1531342/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 13652000/- | 13652000/- | 11435060/- | 2216940/- |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 8744000/- | 8744000/- | 1821850/- | 6922150/- |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 10274000/- | 10274000/- | 9199331/- | 1074669/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്-അൺടൈഡ്) - ട്രഷറി | 0 | 406898/- | 406898/- | 0 | 406898/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) - ട്രഷറി | 0 | 1470037/- | 1470037/- | 0 | 1470037/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക് - അൺടൈഡ്) - ബാങ്ക് | 1687048/- | 5695628/- | 7382676/- | 7368351/- | 14325/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) - ബാങ്ക് | 0 | 8332000/- | 8332000/- | 5395236/- | 2936764/- |

സംസ്ഥാനാവിഷ്കൃത / കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

| ഫണ്ട് ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 3832693/- | 230000/- | 4062693/- | 1257159/- | 2805534/- |
| കുടുംബശ്രീ ചലഞ്ച് ഫണ്ട് | 20088/- | 1330267/- | 1350355/- | 1330267/- | 20088/- |
| സാക്ഷരത | 56600/- | 0 | 56600/- | 0 | 56600/- |
| ഇന്റഗ്രേറ്റഡ് ചൈൽഡ് ഡവലപ്പ്മെന്റ് സ്കീം | 1149007/- | 2943200/- | 4092207/- | 2006655/- | 2085552/- |
| എം ജി എൻ ആർ ഇ ജി എസ് | 7 | 1410299/- | 1410306/- | 1408587/- | 1719/- |
| ടി എസ് സി / എസ് ബി എം | 3,89,660/- | 7976/- | 397636/- | 0 | 397636/- |
| Other Liabilities | 1396341/- | 1216137/- | 2612478/- | 220693/- | 2391785/- |
| Other Schemes | 0 | 317463/- | 317463/- | 0 | 317463/- |
| Health Grant 1 Diagnostics | 0 | 471068/- | 471068/- | 0 | 471068/- |
| Health Grant 2 Sub Centre | 0 | 281095/- | 281095/- | 0 | 281095/- |
| State Share | 770000/- | 5900000/- | 6670000/- | 1600000/- | 5070000/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 224 | 33,72,52,502/- | 157 | 10,97,84,856/- | | 67 | 70% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7/- | 14,10,299/- | 14,10,306/- | 14,08,587/- | 1,719/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 5,64,06,581/- | 5,64,06,581/- | 5,64,06,581/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 48,47,200/- |
| വിധവാപെൻഷൻ | 2,44,38,600/- |
| വാർദ്ധക്യകാലപെൻഷൻ | 3,36,97,100/- |
| വികലാംഗപെൻഷൻ | 93,75,900/- |
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 3,85,200/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 5,70,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.11.23, 2,45 PM ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,95,072/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ പൊതുജീവിതത്തെ സ്വാധീനിക്കുന്ന ക്ഷേമ ചുമതലകളും സാമ്പത്തിക വികസന പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിന് പര്യാപ്തമായ വിധത്തിൽ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്.

നികുതി, നികുതിയേതര വരവുകൾ കൃത്യമായി നിർണ്ണയിച്ച് പിരിവ് നടത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. 2022-23 ൽ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് ചട്ടങ്ങളിൽ പരാമർശിച്ചിട്ടുള്ള നടപടികളും, പരിശോധനകളും ക്രമപ്രകാരം നടത്തുന്നതിന്റെ രേഖകൾ ഇല്ല. പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടുകൂടി ഓഡിറ്റിന് ഹാജരാക്കിയ വാർഷിക ധനകാര്യപത്രികയിലും കാര്യമായ പൊരുത്തക്കേടുകൾ ഓഡിറ്റ് നിരീക്ഷിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയം പാലിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ഉതകുന്ന നിയന്ത്രണ/മേൽനോട്ട സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ടെന്ന് കാണുന്നു.

പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ഫലപ്രാപ്തിയിലെത്തിക്കുന്നതിന് കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. നിർവ്വഹണാധികാരികൾ പദ്ധതികൾ നടപ്പാക്കാത്തതിന്റേയും, പദ്ധതികൾ സ്പിൽഓവർ ആകുന്നതിന്റേയും കാരണം ബന്ധപ്പെട്ട കമ്മിറ്റികൾ പരിശോധിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികൾക്കായുള്ള ടെന്റർ നടപടികൾ കാര്യക്ഷമമായിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. എസ്റ്റിമേറ്റ് നിരക്കിനടുത്ത് നിൽക്കുന്ന നിരക്കുകളിൽതന്നെയാണ് കൂടുതൽ കരാറുകളും നടന്നിട്ടുള്ളത്. ടെന്റർ നടപടികളിൽ മത്സര സ്വഭാവം പരിമിതമായിരുന്നു. മരാമത്ത് പ്രവൃത്തികളിൽ പദ്ധതി പണത്തിന്റെ മിതവ്യയവും, ആരംഭിച്ച പദ്ധതികൾ സമയക്ലിപ്തത പാലിച്ച് കാര്യക്ഷമമായി പൂർത്തീകരിക്കുന്നുവെന്നും ഉറപ്പാക്കേണ്ടതാണ്. സോളാർ പാനൽ സ്ഥാപിക്കൽ പോലുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായി.

ഭവനനിർമ്മാണം/ഭവനപുനരുദ്ധാരണം എന്നീ പ്രവൃത്തികൾ സമയബന്ധിതമായിത്തന്നെ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്.

തനതു വരുമാന വർദ്ധനവിനുതകുന്ന നികുതി നികുതിയേതര വരവുകൾ വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതും കെട്ടിട നികുതിയുൾപ്പടെയുള്ളവയുടെ കൃത്യമായ നികുതി നിർണ്ണയവും പിരിച്ചെടുക്കലും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിട നികുതി മാത്രം മുഖ്യ തനതുവരുമാന മാർഗ്ഗമായുള്ള ഗ്രാമപഞ്ചായത്തിൽ തനതു ഫണ്ട് വകയിരുത്തി പ്രോജക്ടുകൾ ധാരാളമായി ആവിഷ്കരിക്കുന്നത് പഞ്ചായത്തിന്റെ ധനസ്ഥിതിയ്ക്ക് ഭീഷണിയുയർത്തുന്ന സാഹചര്യമുണ്ട്. ഇത്തരം സാഹചര്യങ്ങൾ അർഹിക്കുന്ന ഗൗരവത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഭരണസമിതിയും കണക്കിലെടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടായ ഫെഡറൽ ബാങ്കിലെ 21560100065034 നമ്പർ അക്കൗണ്ടിലെ ചില തീയതികളിലെ നീക്കിബാക്കി ചുവടെ ചേർക്കും പ്രകാരം ആണ്.

| തീയതി | നീക്കിബാക്കി ₹ |
|---|---|
| 31-3-23 | 92,48,435.31/- |
| 1-6-23 | 8,66,767 |
| 15-6-23 | 6,19,934 |

ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തിൽ പരിമിതികൾ നിലനിൽക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. ഹരിതകർമ്മ സേനാ പ്രവർത്തനങ്ങൾ, എം ജി എൻ ആർ ഇ ജി എസ്

പ്രവർത്തനങ്ങൾ എന്നിവയിൽ ബന്ധപ്പെട്ടവരുടെ കൂടുതൽ ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

മേൽ പരാമർശ വിഷയങ്ങൾ സംബന്ധമായ വിശദാംശങ്ങൾ ഖണ്ഡികകളായി ചുവടെ പരാമർശിച്ചിരിക്കുന്നു. വിഷയങ്ങളിലേക്ക് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7.4.23 | മാർച്ച്-2023 | 8.4.23 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.5.18 | 2013-14 To 2017-18 | 10.06.18 |

## 1-11 തൊഴിൽ നികുതി ഈടാക്കിയതിൽ അപാകതകൾ

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്നവർ / സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല.

1. 2022-23 ൽ വിവിധ മരാമത്തുപ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. അഭിഭാഷകർ, സ്വകാര്യ ക്ലിനിക്കുകളിലെ ജീവനക്കാർ, വാഹന ഉടമകൾ, ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എഞ്ചിനിയർമാർ, സൂപ്പർവൈസർമാർ എന്നിവരുടെയും, റേഷൻ കടകളിലെ ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. (1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമ നം 149). എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല).

2. അപ്പാരൽ പാർക്ക്, നെടുമ്പന എന്ന സ്ഥാപനത്തിൽ നിന്നും 2021-22 ലെ രണ്ട് അർദ്ധവർഷങ്ങളിലും 30 ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം തൊഴിൽ നികുതി ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

നികുതി ഡിമാന്റ് ചെയ്തിട്ടുള്ളതിന്റെയും ഈടാക്കിയതിന്റെയും വിശദാംശങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം.2/22-23, 6.11.23 ) അപ്പാരൽ പാർക്ക്, നെടുമ്പന എന്ന സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള മറുപടി ലഭ്യമാക്കി.

അപ്പാരൽ പാർക്ക് എന്ന സ്ഥാപനത്തിനെതിരെ സ്വീകരിച്ചിട്ടുള്ള റവന്യു റിക്കവറി നടപടികൾ ത്വരിതപ്പെടുത്തേണ്ടതും തൊഴിൽനികുതി കണക്കാക്കി ആയത് ഈടാക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-12 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചു.

1. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി

പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമ നം 149). എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

2. 2021-22 ൽ 448 സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുണ്ട്. ഇവയിൽ തൻവർഷവും പ്രവർത്തിച്ചിരുന്ന 138 സ്ഥാപനങ്ങൾ മാത്രമാണ് അഡ്വാൻസായി ലൈസൻസ് പുതുക്കിയിട്ടുള്ളത്. മറ്റുള്ള സ്ഥാപനങ്ങൾ 2022-23 ൽ ലൈസൻസ് പുതുക്കിയ തീയതി വരെ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചത്. 2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്, വകുപ്പ് 232, 233 പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/22-23, 6.11.23 ) മറുപടി ലഭ്യമാക്കിയില്ല.

വ്യവസ്ഥകൾക്ക് വിരുദ്ധമായി സ്ഥാപനങ്ങളെ പ്രവർത്തിക്കാൻ അനുവദിച്ചതിന് കാരണം വ്യക്തമാക്കേണ്ടതും തുടർന്നും ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-13 ഷോപ്പിംഗ് കോംപ്ലക്സ് - വാടക സമയബന്ധിതമായി ഈടാക്കുന്നില്ല.

വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥയിലുള്ള രണ്ട് ഷോപ്പിംഗ് കോംപ്ലക്സുകളിലെ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.
1. അഞ്ചാം നമ്പർ കടമുറി നീതി സ്റ്റോറിന് വാടക രഹിതമായി അനുവദിച്ചിരിക്കുന്നു. നീതി സ്റ്റോറിന് കടമുറി വാടക രഹിതമായി അനുവദിക്കുന്നതിന് സർക്കാരിൽ നിന്നും പ്രത്യേക ഉത്തരവ് ഉള്ളതായി കാണുന്നില്ല. 13.6.2023 ലെ 19/3 നമ്പർ തീരുമാന പ്രകാരം 2023-24 മുതൽ വാടക ഈടാക്കുന്നതിനും, കുടിശ്ശിക ഈടാക്കേണ്ടതില്ലെന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തു. കുടിശ്ശിക ഈടാക്കാത്തതിന് കാരണം വിശദീകരിക്കേണ്ടതാണ്.

2. വാടക സംബന്ധിച്ച സർക്കാർ അംഗീകരിച്ച ബൈലോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3. വാടകക്കാരിൽ നിന്നും ഈടാക്കിയ മുൻകൂർ/ഡെപ്പോസിറ്റ് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

4. വാടകകരാറിലെ നിബന്ധനകളിലെ ഖണ്ഡിക 1 പ്രകാരം നിശ്ചയിച്ച് ഉറപ്പിച്ച വാടക മുൻകൂറായി ഓരോ മാസവും അഞ്ചാം തീയതിയിലോ അതിനു മുൻപോ നൽകണമെന്നും മൂന്നു മാസത്തെ വാടക മുൻകൂറായി ഒടുക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ നിബന്ധന പാലിച്ചതായി കാണുന്നില്ല.

5. എസ് സി, എസ് ടി വിഭാഗത്തിലുള്ളവർക്കായി മാറ്റി വച്ചിട്ടുള്ള 8-ാം നമ്പർ കടമുറിയുടെ കുത്തകാവകാശം നാളിതുവരെ ആരും തന്നെ ഏറ്റെടുത്തിട്ടുള്ളതായി കാണുന്നില്ല. കുത്തക കൈമാറുന്നതിന് നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാടകക്കാരിൽ നിന്നും കരാർ പ്രകാരമുള്ള വാടക സമയബന്ധിതമായി ഈടാക്കേണ്ടതും ഈടാക്കിയ മുൻകൂർ/ഡെപ്പോസിറ്റ് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

മേൽ വിഷയങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 വിനോദനികുതി - വരവ് തുകയുടെ ആധികാരികത വ്യക്തമല്ല.

2022-23 ൽ ശ്രീ. ബാബു റ്റി, ഉണ്ടുവിള പടിഞ്ഞാറ്റതിൽ, നല്ലില എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള അസംബ്ലി ബിൽഡിംഗിൽ പ്രവർത്തിക്കുന്ന ജെ.ബി. സിനിമാ തീയറ്ററിൽ രണ്ട് സ്ക്രീനുകളിലായി സിനിമ പ്രദർശനം നടക്കുന്നതായി ഫയലിൽ കാണുന്നു.

സ.ഉ.(കൈ)നം.112/19/ത.സ്വ.ഭ.വ, തീ.31.8.2019 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 100/-രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%വും, 100/-രൂപയിൽ കൂടുതലുള്ളവയ്ക്ക് 8.5%വും വിനോദനികുതി ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇങ്ങനെ പിരിച്ചെടുക്കുന്ന നികുതി തൊട്ടടുത്ത മാസം മൂന്നാം തീയതിക്കുള്ളിൽ ഒടുക്കണമെന്നും വ്യക്തമാക്കുന്നുണ്ട്. ഇത് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ടിക്കറ്റിന്റെ അടിസ്ഥാന നിരക്ക് വ്യക്തമാക്കുന്ന രേഖകൾ ഫയലിനൊപ്പം ഇല്ല. ടിക്കറ്റ് ഒന്നിന് 130, 150 എന്നീ രണ്ട് നിരക്കുകളിലാണ് ഈടാക്കുന്നത്. ഈ തുകയിൽ ജി.എസ്.ടി, ക്ഷേമനിധി, സെസ്സ്, റ്റി.എം.സി, വിനോദനികുതി എന്നിവ ഉൾപ്പെടുന്നതിനാൽ ടിക്കറ്റിന്റെ അടിസ്ഥാന നിരക്ക് വ്യക്തമാകുന്നില്ല.

2. പ്രതിമാസം തീയറ്ററിൽ നിന്നും വിറ്റുപോയ ടിക്കറ്റുകളുടെ (തുകയുടെ അടിസ്ഥാനത്തിൽ) എണ്ണം കാണിക്കുന്ന രേഖകൾ ഇല്ല.

3. വിനോദനികുതി ഒടുക്കുന്നതിൽ മേൽ പറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരമുള്ള സമയ പരിധി പാലിച്ചിട്ടില്ല.

4. തൻ വർഷം ഒടുക്കിയ തുക ഏതൊക്കെ കാലയളവിലെ ടിക്കറ്റ് വില്പന പ്രകാരമുള്ള തുകയാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം ഈ ഇനത്തിലെ വരവ് തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | തീയതി | ടിക്കറ്റുകളുടെ എണ്ണം | ഒടുക്കിയ തുക(രൂപ) | രസീത് നം./തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | 30.3.2022-31.3.2022 | 24550 | 1,27,759/- | 1220100331/20.4.20 | ഫയൽ പ്രകാരം |
| 2 | 1.4.2022-1.5.2022 | 31657 | 1,64,724/- | 122010114/10.6.22 | ഫയൽ പ്രകാരം |
| 3 | 1.5.2022-1.6.2022 | 23246 | 1,19,548/- | 1220101400/1.7.22 | ഫയൽ പ്രകാരം |
| 4 | 1.6.2022-1.7.2022 | 20640 | 1,06,562/- | 1220101752/30.7.22 | ഫയൽ പ്രകാരം |
| 5 | 1.7.2022-1.8.2022 | 19945 | 1,02,225/- | 1220102182/30.8.22 | ഫയൽ പ്രകാരം |
| 6 | 1.8.2022-1.9.2022 | 27597 | 1,41,949/- | 1220102643/1.10.22 | ഫയൽ പ്രകാരം |
| 7 | 1.10.2022-1.11.2022 | 26009 | 1,35,095/- | 1220103691/19.12.22 | ഫയൽ പ്രകാരം |
| 8 | 1.1.2023-1.2.2023 | 27249 | 1,39,316/- | 1220105470/28.2.23 | ഫയൽ പ്രകാരം |
| 9 | ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല | 93,657/- | 1220163956/31.12.22 | ചെക്ക് രജിസ്റ്റർ |
| 10 | ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല | 80,719/- | 1220102939/27.10.22 | ചെക്ക് രജിസ്റ്റർ |
| 11 | ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല | 8,34,361/- | 1220104693/31.1.23 | ചെക്ക് |

| | | | | | |
|---|---|---|---|---|---|
| | | | | | രജിസ്റ്റർ |
| 12 | ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല | 1,22,815/- | 1220106198/30.3.23 | ചെക്ക് രജിസ്റ്റർ |
| | | ആകെ | 21,68,730/- | | |

5. 1/3/2022 മുതൽ 29/3/2022 വരെയുള്ള കാലയളവിലെ ടിക്കറ്റ് വില്പന സംബന്ധിച്ച വിവരം ലഭ്യമാക്കിയില്ല. (ഈ കാലയളവിലെ തുക വരവിൽ എടുത്തതായി ഫയലിൽ കാണുന്നില്ല )

6. വാർഷിക കണക്ക് പ്രകാരം തൻവർഷം 14,17,805/-രൂപയാണ് ഈ ഇനത്തിലെ വരവ്. എന്നാൽ ചെക്ക് രജിസ്റ്റർ, ഫയൽ എന്നിവ പ്രകാരം 21,68,730/-രൂപയാണ് വരവ്.

വിനോദനികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിൽ വരവുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിയ്ക്ക്(നം.5/7.11.2023) മറുപടി ലഭ്യമാക്കിയില്ല.

മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വറി നം. – 5/7.11.2023

1-15 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പദ്ധതിയ്ക്കായി തുക കെ.എസ്.ഇ.ബി കണ്ണനല്ലൂരിന് നൽകിയെങ്കിലും പണി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 231/23 |
| പ്രോജക്ട് | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | 3,00,000/- |
| ഫണ്ടിനം | തനതുഫണ്ട് |
| ചെലവ് | 23,126/- |
| ചെക്ക് നമ്പർ | 1117518/23-2-22 |

മേൽ പ്രവൃത്തിയുടെ പൂർത്തീകരണസാക്ഷ്യപത്രം, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കെ.എസ്.ഇ.ബി-യിൽ നിന്ന് ആയത് ലഭ്യമാക്കി നൽകുന്നതാണെന്നറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തതിനാൽ മേൽ പ്രകാരമുള്ള 23,126/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 12/8-11-23

തടസ്സപ്പെടുത്തിയ തുക – 23,126/-രൂപ

1-16 'വിമുക്തി' പദ്ധതി - മുൻകൂർ പിൻവലിച്ചതിൽ 1,040/-രൂപയുടെ ചെലവ് ക്രമീകരിച്ചില്ല.

കേരള എക്സൈസ് വകുപ്പുമായി ചേർന്ന് പഞ്ചായത്ത് നടത്തിയ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടിയായ 'വിമുക്തി'യുമായി ബന്ധപ്പെട്ട് 27,270/-രൂപ സെക്രട്ടറി മുൻകൂർ പിൻവലിച്ചു. (Rs. 20,000/-, ചെക്ക് നം.109811/31.1022, Rs. 1,670/-, ചെക്ക് നം.114311/8.11.22, Rs.5,600/- ചെക്ക് നം.114351/14.12.22). ഓഡിറ്റിന് ഹാജരാക്കിയ ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരമുള്ള ചെലവുകൾ സംബന്ധമായ വൗച്ചറുകളാണ് സൂക്ഷിച്ചിട്ടുള്ളത്.

| ക്രമ നം | ഇനം | തുക(രൂപ) |
|---|---|---|
| 1. | റിഫ്രഷ്മെന്റ് | 3,500/- |

| | | |
|---|---|---|
| 2. | ചെണ്ടമേളം | 4,800/- |
| 3. | അനൗൺസ്മെന്റ് | 700/- |
| 4. | മൈക്ക് സെറ്റ് വാടക | 2,500/- |
| 5. | അനൗൺസ്മെന്റ് വാഹനം/മൈക്ക്/ജനറേറ്റർ/ഇന്ധനം | 4,500/- |
| 6. | ഹാൾ വാടക | 2,000/- |
| 7. | കുടിവെള്ളം | 960/- |
| 8. | Mementos And Others (ശ്രീ.അനിൽകുമാർ.പി, മെമ്പർ - വാർഡ് 15 ന്റെ അപേക്ഷ പ്രകാരം നൽകിയത്. | 5,600/- |
| 9. | ക്ലോത്ത് ബാനർ 12 X 3 – 1, 8 X 3 – 1 | 1,670/- |
| | ആകെ: | 26,230/- |

മുൻകൂർ പിൻവലിച്ചതിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന 1,040/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കാത്തപക്ഷം തുക തിരികെ അടച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം – 8/8.11.23

1-17 ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം ഭവനനിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടിരുന്ന താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു തുകകൾ കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | പദ്ധതി പ്രകാരം നൽകുന്ന തുക(രൂപ) | നൽകിയ ഗഡുക്കൾ/തീയതി | തൽസ്ഥിതി വിവരം |
|---|---|---|---|---|---|
| 1. | 20/22-23 SO &30/22-23 ലൈഫ് ഭവന നിർമ്മാണം ( ജനറൽ ) | 1.റോയ് പി.റ്റി തെക്കേവിള പുത്തൻവീട് നല്ലില വാർഡ്-5 | 4,00,000/- | 40,000/- 20/18-19; 25-10-2018 | പ്രവൃത്തി ആരംഭിച്ചിട്ടില്ല. ( ലൈഫ് പദ്ധതിയിൽ അർഹതയില്ലാത്ത സാഹചര്യത്തിൽ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല) |
| | | 2. മേഴ്സി ബേബി കിഴങ്ങുവിളയിൽ പുത്തൻവീട് വാർഡ് 20 | 4,00,000/- | 40,000/- 28.01.2021 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| | | 3.തങ്കമണിയമ്മ രതീഷ് ഭവൻ വാർഡ്-21 | 4,00,000/- | 40,000/- 26.03.19 1,60,000/-07.08.19 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 2. | 21/22-23 | സോമലേഖ | 4,00,000/- | 40,000/- | പ്രവൃത്തി |

| | | | | | |
|---|---|---|---|---|---|
| | | ലേഖ സദനം<br>നെടുമ്പന<br>വാർഡ് 13 | | 11.01.21 | ആരംഭിച്ചിട്ടില്ല |
| | &188/22-23<br>ലൈഫ് ഭവന നിർമ്മാണം (പട്ടികജാതി) | ചിത്ര എസ് പൊയ്കവിള പുത്തൻവീട്<br>നെടുമ്പന<br>വാർഡ് 22 | 4,00,000/- | 40,000/-<br>053553/05-05-2022 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| | | സുനിത സി പുത്തൻവിളപുത്തൻവീട്<br>നെടുമ്പന<br>വാർഡ് 20 | 4,00,000/- | 40,000/-<br>6318729/<br>15-01-2022 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| | | | ആകെ | 4,00,000/- | |

മേൽ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും പൂർത്തിയാക്കാത്തപക്ഷം തുക തിരികെ ഈടാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 01/06-11-2023

1-18 വീടുകൾ വാസയോഗ്യമാക്കൽ - പണി പൂർത്തീകരിച്ചില്ല.

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതി പ്രകാരം 'വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ' എന്ന പദ്ധതിയ്ക്കായി കരാറിൽ ഏർപ്പെട്ടിരുന്ന താഴെ പറയുന്ന ഗുണഭോക്താവ് ആദ്യ ഗഡു തുക കൈപ്പറ്റിയെങ്കിലും പ്രവൃത്തി പൂർത്തിയാക്കിയില്ല.

| പ്രോജക്ട് നമ്പർ | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | പദ്ധതി പ്രകാരം നൽകുന്ന തുക (രൂപ) | നൽകിയ ഗഡുക്കൾ | തൽസ്ഥിതി |
|---|---|---|---|---|
| 26/22-23 സ്പിൽ ഓവർ | റംലത്ത് തടവിള പുത്തൻവീട് വാർഡ്-17 | 50,000/- | 25,000/-(182 /29-12-2021) | പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. |

പ്രവൃത്തി പൂർത്തിയാക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകേണ്ടതും പൂർത്തിയാക്കാത്തപക്ഷം നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം - 1/06-11-2023

1-19 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പണി പൂർത്തിയാക്കിയില്ല.

അസി. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി പ്രകാരം കരാറിൽ ഏർപ്പെട്ടിരുന്ന താഴെ പറയുന്ന ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയില്ല. കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു തുകകൾ കൈപ്പറ്റി നാളിതുവരെ പഠനമുറി പൂർത്തീകരിക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | പദ്ധതി പ്രകാരം നൽകുന്ന തുക | ആകെ കൈപ്പറ്റിയ തുക | തൽസ്ഥിതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | (രൂപ) | (രൂപ) | |
| 233/23 | ജിഷ ഷാജി<br>ഷീജേഷ് ഭവൻ<br>വാർഡ്-22 | 2,00,000/-<br>(വികസന ഫണ്ട് എസ് സി പി) | 1,50,000/-<br>50,000/- –<br>313/10-1-23<br>50,000/- –<br>422/15-3-23<br>50,000/-<br>428/15-3-23 | കോൺക്രീറ്റ് കഴിഞ്ഞു. പ്രവ്യത്തി പുരോഗമിക്കുന്നു |
| | മഞ്ജു<br>അമൃത ഭവൻ<br>വാർഡ്-20 | 2,00,000/-<br>(വികസന ഫണ്ട് എസ് സി പി) | 1,50,000/-<br>50,000/- –<br>378/8-2-23<br>50,000/- –<br>420/15-3-23<br>50,000/-<br>510/28-3-23 | കോൺക്രീറ്റ് കഴിഞ്ഞു. പ്രവ്യത്തി പുരോഗമിക്കുന്നു |

മേൽ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണ പുരോഗതി വിലയിരുത്തി പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 6/7-11-23

## 1-20 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - നിർമ്മാണ സാധനങ്ങൾ കുടുംബശ്രീ വഴി വിപണിവിലയിൽ കൂട്ടി വാങ്ങി.

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മാണ പ്രവ്യത്തികൾക്കായി സാധനങ്ങൾ വാങ്ങുന്നത് അതാത് സമയം നിലനിൽക്കുന്ന വിപണിവിലയുടെ അടിസ്ഥാനത്തിലായിരിക്കണം. എന്നാൽ പഞ്ചായത്തിലെ നിർമ്മാണ പ്രവ്യത്തികളിൽ വെണ്ടർ ആയ കുടുംബശ്രീ മുഖേന നിർമ്മാണ സാധനങ്ങൾ പ്രൈവറ്റ് ഏജൻസിയിൽ നിന്നും കുറഞ്ഞ നിരക്കിൽ വാങ്ങുകയും സെക്യൂർ ഡേറ്റാ പ്രകാരമുള്ള കൂടിയ നിരക്ക് CDS ന് അനുവദിച്ച് നൽകുകയും ചെയ്യുന്നത് വഴി ഗ്രാമപഞ്ചായത്തിന് അധിക ചെലവുണ്ടാകുന്നു.

സ.ഉ. (എം.എസ്) നം. 110/2018/ത.സ്വ.ഭ.വ തിരു.തീയതി. 13.08.2018 (എഫ്) പ്രകാരം ലൈഫ് മിഷൻ പദ്ധതിയിലെ നിർമ്മാണ സാധനങ്ങൾ ലഭ്യമാക്കുന്നതിന് ടെണ്ടർ നടപടി ക്രമങ്ങൾ കൂടാതെ വെണ്ടർ ആയി സി.ഡി.എസ് നെ തെരഞ്ഞെടുക്കാവുന്നതാണ്. ആയതിനായി ഗ്രാമപഞ്ചായത്തിന് കുടുംബശ്രീ സി.ഡി.എസു-മായി നേരിട്ട് കരാറിലേർപ്പെടാവുന്നതാണ്. എന്നാൽ ഇപ്രകാരം സി.ഡി.എസ് പഞ്ചായത്ത് സെക്രട്ടറിയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടില്ല.

മേൽ ഉത്തരവ് ഖ 2 (ജി) യ്ക്ക് വിരുദ്ധമായി കുടുംബശ്രീ, ഒരു പ്രൈവറ്റ് ഏജൻസിയിൽ (ജി. രാജീവ്, കെ.എസ്.ഗ്രാനൈറ്റ് ഇൻഡസ്ട്രീസ്) നിന്നും സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വാങ്ങുകയും കൂടിയ നിരക്കിൽ (എസ്റ്റിമേറ്റ് നിരക്ക്) ഗ്രാമപഞ്ചായത്ത് പ്രവ്യത്തികൾക്ക് വിതരണം ചെയ്യുകയും ചെയ്തത് വഴി കുടുംബശ്രീക്ക് പ്രസ്തുത ഇടപാടിൽ ലാഭമുണ്ടാകുകയും നിർമ്മാണസാമഗ്രികൾക്ക് ഗ്രാമപഞ്ചായത്ത് അധികതുക ചെലവഴിക്കേണ്ടി വരികയും ചെയ്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. 2022-23 ൽ നടത്തിയ റോഡ് കോൺക്രീറ്റ് പ്രവ്യത്തികളിൽ ഇപ്രകാരം അധികമായി തുക നല്കുക വഴി പൊതുപണം ദുർവിനിയോഗം നടത്തിയതായി വിലയിരുത്തുന്നു.

| ഇനം | കെ.എസ്.ഗ്രാനൈറ്റ് ഇൻഡസ്ട്രീസ് കുടുംബശ്രീക്ക് സാധനം | എസ്റ്റിമേറ്റ് |
|---|---|---|

| | വിതരണം ചെയ്ത നിരക്ക് | നിരക്ക് |
|---|---|---|
| 40mm Metal | 2650/$m^3$ | 2703.75/$m^3$ |
| 20mm Metal | 2650/$m^3$ | 2703.75/$m^3$ |
| 10mm Metal | 2850/$m^3$ | 3029.25/$m^3$ |
| Portland Cement | 470/ Bag | 515.20/$m^3$ |
| M Sand | 2045/$m^3$ | 2047.50 |
| G.I Sheet | 245/$m^2$ | |
| Steel Tube | 68.4/kg | - |
| Steel | 74/kg | - |
| 4mm Glass | 495/$m^2$ | - |

10 മെറ്റീരിയൽ വർക്കുകളാണ് തൻവർഷം നടപ്പിലാക്കിയത്. മേൽ പ്രവൃത്തികളിലെല്ലാം തന്നെ എസ്റ്റിമേറ്റ് നിരക്ക് അനുവദിച്ചിരിക്കുന്നു. നിരക്കുകൾ തമ്മിലുള്ള വ്യത്യാസം വഴിയുണ്ടായ ലാഭം കുടുംബശ്രീ അക്കൗണ്ടിൽ നിലനിൽക്കുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| Sl No | Name Of Work-M Book No | Material Cost (As Per M Book) | Actual Material Cost (As Per Bill) | Excess Amount To CDS |
|---|---|---|---|---|
| 1 | പണ്ടാരത്തുണ്ടിൽ ചിലവൂർകോണം റോഡ് കോൺക്രീറ്റിംഗ് (RC349294) M Book-223/22-23 | 1,78,569/- | 1,68,956/- | 9,613/- |
| 2 | പള്ളിമുക്ക് അങ്കണവാടി റോഡ് കോൺക്രീറ്റിംഗ് (RC342980) M Book-82/22-23 | 3,91,433/- | 3,67,679/- | 23,754/- |
| 3 | കല്ലുവിളപള്ളിക്ക് കിഴക്കോട്ടുള്ള റോഡ്-മാത്തിൽക്കാവ് ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് (RC345489) M Book-247/22-23 | 2,97,470/- | 2,84,105/- | 13,365/- |
| 4 | മീമ്പാട്ടുവിള-മീമ്പാട്ട് ഭാഗം റോഡ് കോൺക്രീറ്റിംഗ്(RC345818) M Book-190/21-22 | 3,91,008/- | 3,73,235/- | 17,773/- |
| 5 | നെടുമ്പന യുപിഎസ്-ചരുവിള റോഡ് കോൺക്രീറ്റിംഗ്(RC345820) M Book-122/20-21 | 3,51,722/- | 3,40,806/- | 10,916/- |
| 6 | കലയം ചരുവിള റോഡ് റോഡ് കോൺക്രീറ്റിംഗ്(RC346458) M Book-251/22-23 | 4,02,717/- | 3,59,569/- | 43,148/- |
| 7 | ഹെൽത്ത്സെന്റർ ലിങ്ക് റോഡ് റോഡ് കോൺക്രീറ്റിംഗ്(RC346137) | 2,05,115/- | 1,93,831/- | 11,284/- |

| | | | | |
|---|---|---|---|---|
| | M Book-104/22-23 | | | |
| 8 | ബഥേൽ റോഡ് കർമലറാണി റോഡ് കോൺക്രീറ്റിംഗ്(RC346138) M Book-116/22-23 | 3,78,531/- | 3,56,704/- | 21,827/- |
| 9 | ചുരുള അറപ്പുര കനാൽറോഡ് റോഡ് കോൺക്രീറ്റിംഗ് (RC365785) M Book-150/22-23 | 2,24,972/- | 2,11,615/- | 13,357/- |
| 10 | മിയണ്ണൂർ അസ്സീസിയ കനാൽറോഡ് റോഡ് കോൺക്രീറ്റിംഗ്(RC365804) M Book-106/22-23 | 2,30,603/- | 2,08,182/- | 22,421/- |
| ആകെ അധികം നല്കിയ തുക | | | | 1,87,458/- |

13-03-2023 ലെ OMB/ALP/AW/38/2023 ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലാ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഓമ്പുഡ്സ്മാന്റെ 08.07.22 ലെ OMB/ALP/AW/20/2022 നം. ഉത്തരവിൽ സെക്യൂർ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്ന എൽ.എം.ആർ നിരക്ക് നൽകാൻ പാടില്ലയെന്നും യഥാർത്ഥ മാർക്കറ്റ് വില മാത്രമേ നൽകാൻ പാടുള്ളുവെന്നും കർശന നിർദ്ദേശം ഉണ്ട്. കുടുംബശ്രീ മിഷൻ ഡയറക്ടർ 17.08.2022 ൽ എല്ലാ ജില്ലകളിലേയും ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്ക് നൽകിയ കത്തിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കർശനനിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അധികമായി തുക നല്കിയത് സംബന്ധിച്ച് അസി.സെക്രട്ടറിയും അക്രഡിറ്റഡ് എഞ്ചിനീയറും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. സാധന സാമഗ്രികൾ വാങ്ങിയതിന്റെ ഒറിജിനൽ രേഖകൾ ലഭ്യമാക്കിയിട്ടില്ല. CDS തയാറാക്കിയ ബിൽ സ്റ്റേറ്റ്മെന്റ് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ഓഡിറ്റ് എൻക്വയറിയെ തുടർന്ന് മേൽ പ്രകാരം അധികം നൽകിയ 1,87,458/-രൂപ തിരിച്ചടയ്ക്കാൻ 10.11.2023 ലെ കത്തുവഴി സെക്രട്ടറി സി.ഡി.എസ് ചെയർപേഴ്സണോട് ആവശ്യപ്പെടുകയും സി.ഡി.എസിന്റെ തീരുമാനത്തിന് വിധേയമായി തുക തിരിച്ചടയ്ക്കുന്നതാണെന്ന് ചെയർപേഴ്സൺ 01.12.23 ലെ കത്ത് വഴി സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അധികം നൽകിയ തുക CDS തിരികെ അടയ്ക്കുന്ന മുറയ്ക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 10/08-11-2023

## 1-21 സ്റ്റാക്ക് ചെയ്തതിൽ കൂടുതൽ മണൽ ഉപയോഗിച്ചതായി രേഖപ്പെടുത്തി അധികം തുക അനുവദിച്ചു.

നെടുമ്പന യു പി എസ് ചരുവിള റോഡ് കോൺക്രീറ്റിംഗ് (RC 345820)

സ്റ്റാക്ക് ചെയ്ത Coarse Sand ന്റെ അളവ് – 29.93 $M^3$ (As Per M Book)

ഉപയോഗിച്ച Coarse Sand ന്റെ അളവ് – 32.045 $M^3$ (As Per M Book)

സ്റ്റാക്ക് ചെയ്തതിൽ കൂടുതലായി Coarse Sand ഉപയോഗിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

29.93 $M^3$ Coarse Sand ന് അനുവദിക്കാവുന്ന തുക – 29.93 X 2047.50 = 61,282/-രൂപ

32.045 $M^3$ Coarse Sand ന് അനുവദിച്ച തുക – 32.045 X 2047.50 = 65,612/-രൂപ

അധികമായി നല്കിയ തുക = 4,330/-രൂപ

റോഡ് കോൺക്രീറ്റിന് മെറ്റിൽ, സിമന്റ് തുടങ്ങിയ സാധനങ്ങൾ എസ്റ്റിമേറ്റിൽ കുറഞ്ഞ അളവിലായി ഉപയോഗിച്ച സാഹചര്യത്തിൽ മണൽ മാത്രമായി അധിക അളവിൽ ഉപയോഗിച്ചത് അംഗീകരിക്കുന്നില്ല. അധികമായി നല്കിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ

അടവാക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം – 10/8-11-2023
നിരാകരിക്കുന്ന തുക – 4,330/-രൂപ
നിർവഹണ ഉദ്യോഗസ്ഥൻ – അക്രഡിറ്റഡ് എഞ്ചിനീയർ MGNREGS

1-22 മരാമത്ത് പ്രവൃത്തി - അധിക ചെലവ് അംഗീകരിക്കുന്നില്ല.


പ്രോജക്ട് നം.SO 51/22-23 : വിവിധ വാർഡുകളിൽ മിനി എം.സി.എഫ് സ്ഥാപിക്കൽ.


മേൽ പദ്ധതിയിൽ, അംഗീകൃത എസ്റ്റിമേറ്റിലെ 3-ാം ഇനമായി 12.50 : Providing And Fixing Pre-coated GI Profile Sheet...0.50mm (+0.05%)....എന്ന ഇനം 119.646 Sqm ഉൾപ്പെടുത്തിയിരുന്നു. തുടർന്ന് എസ്റ്റിമേറ്റ് പരിഷ്കരിച്ചപ്പോൾ മേൽ ഇനം ഒഴിവാക്കി പകരം 51.20 : Providing And Fixing Pre-coated GI Profile Sheet...0.35mm (+0.05%)....എന്ന ഇനം ഉൾക്കൊള്ളിക്കുകയും 109.73 $M^2$ പ്രവൃത്തി ചെയ്തതിന് 677.42/$m^2$ (780.53 X -13.21%) നിരക്കിൽ 74,326.52/-രൂപ അനുവദിച്ചു നൽകുകയും ചെയ്തു.

51.20 എന്ന ഇനത്തിന് 2021-22 ൽ 38.14% Cost Index ഉൾപ്പടെ അനുവദനീയമായ നിരക്ക് 604.81/$m^2$ ആണ്. ആയതിൻ പ്രകാരം, ടെന്റർ കുറവ് 13.21% കണക്കിലെടുത്തശേഷം അനുവദിക്കാമായിരുന്ന നിരക്ക് $M^2$ ന് 524.914/-രൂപയാണെന്നിരിക്കെ 677.42/$m^2$ നിരക്കിൽ തുക കണക്കാക്കി അനുവദിച്ചു. 152.5/$m^2$ രൂപ നിരക്കിൽ 109.73 $M^2$ പ്രവൃത്തിക്ക് 19,746/-രൂപ അധികചെലവുണ്ടായതായി കണക്കാക്കുന്നു. (16733.825/- * 18% GST). ഇത്തരത്തിൽ അധിക തുക കരാറുകാരനനുവദിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
ഓഡിറ്റ് എൻക്വയറി നം. – 9/8.11.23
നിരാകരിച്ച തുക – 19,746/-രൂപ

1-23 വെറ്ററിനറി സബ് സെന്റർ മെയിന്റനൻസ് - വൈദ്യുതീകരണവും, വാട്ടർ കണക്ഷനും ഒഴിവാക്കി :1,13,061/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. – SO 47 വെറ്ററിനറി സബ് സെന്റർ മെയിന്റനൻസ്
ടി എസ് നമ്പർ - 94048/21-22
മേൽ പ്രവൃത്തിയ്ക്കായി 5,79,387/-രൂപ (മെയിന്റനൻസ് ഫണ്ട്-നോൺ-റോഡ്) വകയിരുത്തുകയും 5,72,789/-രൂപ ചെലവഴിക്കുകയും (ബിൽ നം.14/30.01.23) ചെയ്തു. പദ്ധതിയുടെ പ്രാഥമിക എസ്റ്റിമേറ്റിൽ വൈദ്യുതീകരണത്തിനായി 10,000/-രൂപയും, ജലലഭ്യതാ സൗകര്യങ്ങൾ ഒരുക്കുന്നതിനായി 8,628/-രൂപയും വകയിരുത്തിയിരുന്നു. എന്നാൽ എസ്റ്റിമേറ്റ് പരിഷ്കരിച്ചപ്പോൾ ഇവ ഒഴിവാക്കി പദ്ധതി നടപ്പാക്കി. വെറ്ററിനറി സബ് സെന്റർ കെട്ടിടത്തിൽ ടോയിലെറ്റ് നിർമ്മാണത്തിനും, അടിസ്ഥാന ജല സൗകര്യങ്ങൾ (500 Ltr വാട്ടർ ടാങ്ക് ഉൾപ്പടെ) ഒരുക്കുന്നതിനും 1,13,061/-രൂപ ചെലവഴിച്ചിട്ടുണ്ട്. (എം ബുക്ക് നം.381/21-22) എന്നാൽ വൈദ്യുതീകരണവും, വാട്ടർ കണക്ഷനും ഒഴിവാക്കി പദ്ധതി പൂർത്തീകരിച്ചതിനാൽ ഇവ ഉപയോഗയോഗ്യമാക്കാൻ കഴിഞ്ഞിട്ടില്ല. 2001 ൽ നിർമ്മാണം പൂർത്തികരിച്ച് പ്രവർത്തനം ആരംഭിച്ച സ്ഥാപനത്തിൽ നാളിതുവരെയും വൈദ്യുതിയും ജലവും എത്തിയിട്ടില്ലായെന്ന് 09.11.22 ൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു.






വൈദ്യുതീകരണവും, വാട്ടർ കണക്ഷനും ഒഴിവാക്കി പദ്ധതി പൂർത്തീകരിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, സിവിൽ വർക്കുകളുടെ അളവുകളിൽ വർദ്ധനവ് വന്നതിനാൽ, വൈദ്യുതീകരണത്തിനും വാട്ടർ കണക്ഷനുമായി എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്ന തുക കൂടി സിവിൽ വർക്കുകൾക്ക് വിനിയോഗിക്കേണ്ടിവന്നുവെന്നും, 2023-24 ൽ തന്നെ, പദ്ധതി റിവിഷനിലൂടെ കെട്ടിടത്തിന് വൈദ്യുതീകരണവും വാട്ടർ കണക്ഷനും സാദ്ധ്യമാക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി.

പ്രവർത്തനം ആരംഭിച്ച് ഇരുപത്തിരണ്ടിലേറെ വർഷങ്ങൾക്കിപ്പുറവും വൈദ്യുതിയും, വാട്ടർ കണക്ഷനും ഇല്ലാതിരുന്ന വെറ്റിനറി സബ് സെന്റർ കെട്ടിടത്തിന്റെ പുനരുദ്ധാരണപദ്ധതി തുടർന്നും വൈദ്യുതിയും,വാട്ടർ കണക്ഷനും ഒഴിവാക്കി ആവിഷ്കരിച്ച് നടപ്പിലാക്കിയത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടായ നിരുത്തരവാദ പ്രവണതയുടെ ആഴം വ്യക്തമാക്കുന്നതാണ്. ടോയിലെറ്റ് നിർമ്മാണത്തിനും, പൈപ്പ് ലൈനുകൾ ഒരുക്കുന്നതിനും ചെലവഴിച്ച 1,13,061/-രൂപയുടെ ചെലവ് പ്രവൃത്തികൾ ഉപയോഗപ്രദമാക്കിയിട്ടില്ല എന്ന കാരണത്താൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം – 22/10.11.23

തടസ്സപ്പെടുത്തിയ തുക – 1,13,061/-രൂപ

## 1-24 ഹരിതകർമസേന - പ്രവർത്തന അവലോകനം

23 വാർഡുകളിലായി 14643 കുടുംബങ്ങളും 1815 സ്ഥാപനങ്ങളുമുള്ളതായി രേഖകൾ വ്യക്തമാക്കുന്നു. ആകെ ജനസംഖ്യ 51384 (2011 കാനേഷുമാരി വിവരങ്ങൾ). നിലവിൽ 39 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേന, വാർഡുകളിലെ ഭവനങ്ങളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും എല്ലാ മാസവും 1 മുതൽ 15 വരെയുള്ള തീയതികളിൽ അജൈവ മാലിന്യങ്ങൾ ശേഖരിക്കാൻ കലണ്ടർ പ്രകാരം നിശ്ചയിച്ചിട്ടുണ്ടെങ്കിലും എല്ലാമാസങ്ങളിലും ഇതിനു കഴിയുന്നില്ല. 'ഹരിതമിത്രം' ആപ്പി-ലേക്ക് ഉൾപ്പെടുത്തുന്നതിനായി എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും ക്യൂ.ആർ കോഡ് പതിച്ചുവെങ്കിലും പദ്ധതി പൂർണ്ണ അർത്ഥത്തിൽ വിജയകരമായിട്ടില്ല. ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് ക്ലീൻ കേരള കൺസൾട്ടൻസി എന്ന സർക്കാർ ഏജൻസിക്കാണ് കൈമാറുന്നത്. ലെഗസി മാലിന്യങ്ങൾ സമയബന്ധിതമായി നീക്കംചെയ്യാൻ കഴിയുന്നില്ല. പഞ്ചായത്തിന് സ്വന്തമായി MCF ഇല്ല. വാടക കെട്ടിടത്തിലാണ് നിലവിൽ MCF പ്രവർത്തിക്കുന്നത്. ഇതിന് പ്രതിമാസം 6,000/-രൂപ വാടക ഇനത്തിൽ പഞ്ചായത്ത് ചെലവഴിക്കുന്നു.

യൂസർഫീ ഇനത്തിലും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് കൈമാറുന്നതിലൂടെയും ലഭ്യമാകുന്ന തുക നിക്ഷേപിക്കുന്നതിന് കൺസോഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ കാനറബാങ്ക് തൃക്കോവിൽവട്ടം ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നിക്ഷേപിക്കപ്പെടുന്നതിൽ 10% അക്കൗണ്ടിൽ നില നിർത്തിയശേഷമുള്ള തുക പ്രതിമാസം, ഓരോ അംഗത്തിനും അയാളുടെ കളക്ഷന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട് വഴി വിതരണം നടത്തുന്നു. പ്രതിമാസം ഹരിത കർമ്മസേനാംഗങ്ങൾക്ക്

8,000/-രൂപ മാത്രമാണ് നിലവിലും ശരാശരി വേതനം ഇനത്തിൽ ലഭ്യമാകുന്നത്. കൺസോഷ്യം അക്കൗണ്ടിൽ ശേഷിക്കുന്ന തുക എല്ലാവർഷവും ഓണത്തിന് ബോണസ് ഇനത്തിൽ, പ്രവർത്തനമേന്മ കൂടി കണക്കിലെടുത്ത്, സേനാംഗങ്ങൾക്ക് വീതിച്ച് നൽകുന്നു.

ഹരിതകർമ്മസേനയുടെ പ്രവർത്തനം സൂക്ഷ്മതലത്തിൽ നിരീക്ഷിക്കപ്പെടുന്നു. ഇതിനായി ജനപ്രതിനിധികൾ, നോഡൽ ഓഫീസർ (അസി. സെക്രട്ടറി), നിർവ്വഹണ ഉദ്യോഗസ്ഥൻ (VEO), ഹരിത സഹായ സ്ഥാപന പ്രതിനിധി, എന്നിവരടങ്ങുന്ന സമിതി പ്രവർത്തിക്കുന്നു. കൃത്യമായ ഇടവേളകളിൽ പരിശോധന, ബോധവൽക്കരണം, പിഴ ചുമത്തൽ എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു. 2022-23 ൽ ചട്ടലംഘനത്തിന് പിഴ ഒന്നും തന്നെ ഈടാക്കിയിട്ടില്ല.

ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെടെ പഞ്ചായത്ത് വാങ്ങി നൽകി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് ആപ്പ് നടപ്പിലാക്കിയതിന്റെ ഭാഗമായി എല്ലാ ഭവനങ്ങളിലും ക്യൂ.ആർ. കോഡ് പതിച്ച് യൂസർഫീ കളക്ട് ചെയ്യുന്ന എന്ന് ഉറപ്പുവരുത്താൻ തീവ്ര ശ്രമം നടന്നുവരുന്നുണ്ട്. 16 വാർഡുകളിൽ മാത്രമാണ് മിനി എം.സി.എഫ് സ്ഥാപിച്ചിട്ടുള്ളത് എന്നതും പരിമിതിയാണ്. സേനാംഗങ്ങൾക്ക് യൂണിഫോം, തൊപ്പി, ഗ്ലൗസ്, തിരിച്ചറിയൽ കാർഡ്, ഒരു ഇലക്ട്രിക് വാഹനം എന്നീ സൗകര്യങ്ങൾ നൽകുന്നുണ്ട്.

പഞ്ചായത്തിന്റെയും ഹരിതകർമ്മസേനാംഗങ്ങളുടെയും ആഭിമുഖ്യത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെയും പ്രധാന്യത്തേയും കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിന് സാധ്യമായിട്ടുണ്ട്. മൈക്ക് അനൗൺസ്മെന്റും വാർഡ് തലത്തിൽ ബോധവൽക്കരണവും നടത്തി. പഞ്ചായത്തിലെ വിവിധ സേവനങ്ങൾ നൽകുന്നതിന് ഗ്രീൻകാർഡ് നിർബന്ധമാക്കിയിട്ടുണ്ട്

ഹരിതകർമ്മസേന വരവ് – ചെലവ് റിപ്പോർട്ട് : 2022-23

| വിൽപ്പന വരവ്(രൂപ) | യൂസർ ഫീ വരവ്(രൂപ) | ആകെ വരവ്(രൂപ) | ഹരിത കർമ്മ സേനാംഗങ്ങൾക്ക് നൽകിയ വേതനം |
|---|---|---|---|
| 3,60,615/- | 27,66,700/- | 31,27,315/- | 29,01,200/- |

നിർദ്ദേശങ്ങൾ

1. 'ഹരിതമിത്രം' ആപ്പ് വഴി എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

2. ബെയിലിംഗ് മെഷീൻ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന എം സി എഫ്, എല്ലാ വാർഡുകളിലും മിനി എം സി എഫു-കൾ എന്നിവ സജ്ജീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. കേരള പഞ്ചായത്തീരാജ് നിയമത്തിന്റെ സെക്ഷൻ-219 ൽ പരാമർശിക്കുന്ന നിയമ നടപടികൾ കർശനമായി നടപ്പിൽ വരുത്തുന്നുവെന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.

4. MLP, LEGACY മാലിന്യങ്ങൾ എല്ലാ മാസവും നീക്കം ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

5. പഞ്ചായത്ത് തലത്തിൽ പരാതി പരിഹാരസെൽ രൂപീകരിക്കാവുന്നതാണ്.

6. ജൈവമാലിന്യങ്ങൾ വളമാക്കി വിതരണം ചെയ്യാവുന്നവിധം ശാസ്ത്രീയ സംവിധാനങ്ങൾ ആവിഷ്കരിക്കാവുന്നതാണ്.

7. പ്ലാസ്റ്റിക് കത്തിക്കുന്നതിന്റെ ദോഷഫലങ്ങളെക്കുറിച്ചും, അവയുടെ വിനിയോഗം കുറയ്ക്കുന്നതിന്റേയും, അവ ശാസ്ത്രീയമായി പുനരുപയോഗത്തിലൂടെ നിർമ്മാർജനം ചെയ്യേണ്ടതിന്റെയും ആവശ്യകതയെപ്പറ്റിയും പൊതുജനാവബോധം വളർത്തുന്നതിന് ആവശ്യമായ നിരന്തര കർമ്മ പരിപാടികൾ കൂടി ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തന കലണ്ടറിൽ ഉൾപ്പെടുത്തി പ്രാവർത്തികമാക്കാവുന്നതാണ്.

1-25 മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നിർവ്വഹണം നടത്തിയ പ്രോജക്ടിൽ മരുന്നുകൾ വാങ്ങുന്നതിനായി

കെ.എം.എസ്.സി.എൽ, ഇൻഹൗസ് ഡ്രഗ് ബാങ്ക് എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂറായി തുക നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ ഫണ്ടിനം. | മരുന്ന്/ഉപകരണങ്ങൾ വാങ്ങലിനായി നൽകിയ തുക (₹)/ബിൽ നം., തീയതി | തുക നൽകിയ സ്ഥാപനം | ലഭ്യമായ മരുന്നിന്റെ വിവരം തുക(₹) | ലഭ്യമാകാനുള്ള മരുന്നുകളുടെ വില (₹) |
|---|---|---|---|---|
| 14/23 സ്വാന്തന പരിചരണം വികസനഫണ്ട് (ജനറൽ) | 2,94,640/- (ഉപകരണങ്ങൾ) 8/11.08.22 | ഇൻഹൗസ് ഡ്രഗ് ബാങ്ക് | 2,64,107/- | 30,533/- |
| S058/23 സി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ (മെയി.ഫണ്ട്-റോഡിതരം) | 500000/- (മരുന്ന്) (BRN No – 22030152099101037860/ 12.01.23) | കെ.എം.എസ്.സി.എൽ | 1,16,540/- | 3,83,460/- |
| | | | ആകെ | 4,13,993/- |

മരുന്നുകൾ ലഭ്യമാകുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മരുന്ന്/ഉപകരണങ്ങൾ എന്നിവ സ്റ്റോക്ക് ഇല്ലാത്തതിനാൽ ലഭ്യമാകുന്ന മുറയ്ക്ക് നല്കാം എന്ന് സ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി. ലഭിക്കാനവശേഷിക്കുന്ന മരുന്നുകളുടെ തുകയായ 4,13,993/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന്/ഉപകരണങ്ങൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 19/10.11.23

തടസ്സപ്പെടുത്തുന്ന തുക – 4,13,993/-രൂപ

1-26 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - അധികം തുക നൽകി.

2021-22 ൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടത്തിയ തെരുവുവിളക്ക പരിപാലനം എന്ന പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ മെയിന്റനൻസ് നടത്തിയതിൽ അധികം തുക ചെലവഴിച്ചതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് |
|---|---|---|
| പ്രോജക്ട് നമ്പർ | 75/23 | 126/23 |
| അടങ്കൽ | 6,82,965/- | 15,00,000/- |
| ഫണ്ടിനം | തനതു ഫണ്ട് | തനതു ഫണ്ട് |
| ചെലവ് | 6,82,965/- | 2,97,885/- |
| ചെക്ക് നമ്പർ | 7895526/31-1-23 | 7895534/13-3-23 |

2021-22 ൽ നാലുഘട്ടമായി മെയിന്റനൻസ് നടത്തിയതിൽ ഒന്നും രണ്ടുംഘട്ടങ്ങളിൽ നടത്തിയതിന്റെ ബിൽ സമർപ്പിച്ച് 2021-22 ൽ തന്നെ തുക കൈപ്പറ്റിയിരുന്നു. മൂന്നും നാലും ഘട്ടങ്ങളിൽ മെയിന്റനൻസ് നടത്തിയതിന്റെ ബിൽ തുക (9,80,850/-)നൽകാനായി 2-3-23 ലെ 3/1 നമ്പർ കമ്മിറ്റി തീരുമാനപ്രകാരം നൽകി. ആയതിന്റെ രേഖകൾ പരിശോധിച്ചതിൽ പന്ത്രണ്ടാം വാർഡിൽ 18-9-21, 20-9-21, 5-11-21 തീയതികളിൽ നടന്ന തെരുവുവിളക്ക മെയിന്റനൻസിൽ ആകെ 51 സിംഗിൾ ട്യൂബ് സെറ്റുകളുടെ

മെയിന്റനൻസ് നടത്തിയതായി കാണിച്ചാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ ഫയൽ പ്രകാരം 45 എണ്ണത്തിന് മാത്രമേ മെയിന്റനൻസ് നടത്തിയിട്ടുള്ളു. ആയതിനാൽ 620/-രൂപ നിരക്കിൽ 6 എണ്ണത്തിന് 3,720/-രൂപ അധികം കരാറുകാരനായ ശ്രീ.ജോസിന് നൽകി. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 16/9-11-23

## 1-27 സോളാർ പാനലുകളുടെ പ്രവർത്തനക്ഷമതാ പരിശോധനാ റിപ്പോർട്ട് ഇല്ല.

നാഷണൽ റർബൻ മിഷൻ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിൽ വരുന്ന വിവിധ സ്ഥാപനങ്ങളിൽ പാനൽ സ്ഥാപിക്കൽ എന്ന പദ്ധതി അനെർട്ട് മുഖേന മുഖത്തല ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് നടപ്പാക്കി. പ്രസ്തുത പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ വിവിധ സ്ഥാപനങ്ങളിൽ സോളാർ പാനൽ സ്ഥാപിച്ചു.

| | |
|---|---|
| പ്രോജക്ട് | പഞ്ചായത്ത് പരിധിയിൽ വരുന്ന വിവിധ സ്ഥാപനങ്ങളിൽ പാനൽ സ്ഥാപിക്കൽ – പഞ്ചായത്ത് വിഹിതം നൽകൽ |
| പ്രോജക്ട് നമ്പർ | 79/23 |
| അടങ്കൽ | ₹ 76,500/- |
| ഫണ്ടിനം | തനതു ഫണ്ട് |
| ചെലവ് | ₹ 76,500/- |
| ബിൽ നമ്പർ | 575270/5-5-22 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

അനർട്ടിനാണ് ഗ്രാമപഞ്ചായത്ത് മേൽ പ്രകാരം തുക നൽകിയത്. എന്നാൽ അനർട്ട് ഇവ സ്ഥാപിച്ചതിന്റെ റിപ്പോർട്ട്, പ്രവർത്തനക്ഷമത സംബന്ധിച്ച റിപ്പോർട്ട്, റിപ്പയറിംഗ് ആന്റ് മെയിന്റനൻസ് സംബന്ധിച്ച കരാറുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 23 ന് സോളാർ പാനൽ സംബന്ധിച്ച പ്രവർത്തനക്ഷമതാ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് അനർട്ടിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ആയത് അടിയന്തിരമായി വാങ്ങി ഹാജരാക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. മേൽ രേഖകളുടെ അഭാവത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ ചെലവായ 76,500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അനർട്ടിന്റെ പ്രവർത്തനക്ഷമതാ റിപ്പോർട്ട് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 12/8-11-23

തടസ്സപ്പെടുത്തിയ തുക - 76,500/-രൂപ

## 1-28 തദ്ദേശസ്ഥാപനങ്ങളുടെ ഭൂമി ശാസ്ത്രവിവര സംവിധാനം - തുക നൽകിയിട്ടും പദ്ധതി നടപ്പിലാക്കിയില്ല.

തദ്ദേശസ്ഥാപനങ്ങളുടെ ഭൂമി ശാസ്ത്രവിവരസംവിധാനം (ജിയോഗ്രാഫിക് ഇൻഫോർമേഷൻ സിസ്റ്റം ഫോർ ലോക്കൽ ബോഡി) എന്ന പദ്ധതിയ്ക്കായി തുക നൽകിയെങ്കിലും നാളിതുവരെ പദ്ധതി നടപ്പാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ സ്വകാര്യ കെട്ടിടങ്ങളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാനായി ആവിഷ്കരിച്ച പ്രോജക്ട് ടെണ്ടർ പ്രകാരം ഊരാളുങ്കൽ ലേബർ സൊസൈറ്റിക്ക് നൽകിയിരുന്നു. ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് | തദ്ദേശസ്ഥാപനങ്ങളുടെ ഭൂമി ശാസ്ത്രവിവര സംവിധാനം (ജിയോഗ്രാഫിക് ഇൻഫോർമേഷൻ സിസ്റ്റം ഫോർ ലോക്കൽ ബോഡി) | |
| പ്രോജക്ട് നമ്പർ | 10/23 | |
| അടങ്കൽ | 28,31,469/- | 68,469/- |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | തനതുഫണ്ട് |
| ചെലവ് | 26,33,885/- | 68,469/- |
| ബിൽ നമ്പർ | XVFC/2022-23/P/17/17-10-22--- 5,66,283/-<br>XVFC/2022-23/P/26/29-12-22– 8,93,992<br>XVFC/2022-23/P/34/9-2-23/9,73,500/-<br>XVFC/2022-23/P/98/25-3-23— 2,00,110/- | 68,469/-<br>(7895546/<br>28-3-23) |

കരാർ പ്രകാരം പ്രസ്തുത പദ്ധതി 30-9-23 ൽ അവസാനിപ്പിച്ച് രേഖകൾ സോഫ്റ്റ്, ഹാർഡ് കോപ്പികളായി ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ 27,02,354/-രൂപ ചെലവാക്കിയ പ്രസ്തുത പദ്ധതി നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 30 ന് ലഭ്യമാക്കിയ മറുപടിയിൽ രേഖകളുടെ സോഫ്റ്റ് കോപ്പി ലഭിച്ചിട്ടുള്ളതാണെന്നും എന്നാൽ വിവരങ്ങളിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ ഊരാളുങ്കൽ ലേബർ സൊസൈറ്റിയ്ക്ക് നോട്ടീസ് നൽകിയെന്നും 30.11.23 ന് മുമ്പായി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയെന്നും സെക്രട്ടറി അറിയിച്ചു. പദ്ധതി പ്രകാരം തയ്യാറാക്കിയ ഭൂമി ശാസ്ത്രവിവരങ്ങളുടെ സോഫ്റ്റ്, ഹാർഡ് കോപ്പികൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഈയിനത്തിൽ ചെലവഴിച്ച 27,02,354/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ വിവരങ്ങൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 20/10-11-23

തടസ്സപ്പെടുത്തിയ തുക - 27,02,354/-രൂപ

## 1-29 റീ-ടെണ്ടർ ചെയ്തത് കാരണം അധിക ചെലവ്.

ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ പദ്ധതിയിൽ ടെണ്ടർ അംഗീകരിച്ചതിലെ അപാകതകൾ കാരണം ഗ്രാമപഞ്ചായത്തിന് അധികം തുക ചെലവാകുന്ന സാഹചര്യമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ | |
| പ്രോജക്ട് നമ്പർ | 91/23 | 95/23 |
| പ്രോജക്ട് | ഗവ. സ്കൂളുകൾക്ക് ഓഫീസ് ഫർണീച്ചർ | പഞ്ചായത്തിലെ ഗവ. സ്കൂളുകൾക്ക് ബെഞ്ചും ഡസ്കും വാങ്ങൽ |
| അടങ്കൽ | 1,00,000/- | 4,00,000/- |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | |
| ചെലവ് | 87000/- | 3,96,304/- |
| ബിൽ നമ്പർ, ചെക്ക് നമ്പർ | 1/26-5-22 | 3/19-8-22 |

മേൽ പദ്ധതികൾക്കായി ടെണ്ടർ വിളിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത തമ്പുരാൻ കാലയിൽ, പ്ലാസ

എന്റർപ്രൈസസ് എന്നീ സ്ഥാപനങ്ങളുടെ ടെണ്ടറുകൾ 16/2/22 ൽ പഞ്ചായത്ത് കമ്മിറ്റിയുടെ 15/1, 15/2 നമ്പർ തീരുമാനങ്ങൾ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 2-3-23 ലെ 1/3 നമ്പർ കമ്മിറ്റി തീരുമാനപ്രകാരം മേൽ പദ്ധതി റീടെണ്ടർ ചെയ്യാൻ തീരുമാനിച്ചു. പർച്ചേസ് കമ്മിറ്റി അംഗങ്ങൾ സ്ഥാപനങ്ങൾ സന്ദർശിച്ച് ഉപകരണങ്ങൾ ഗുണനിലവാരം കുറഞ്ഞതാണെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് റീടെണ്ടർ ചെയ്യണമെന്ന് ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണും നിർവഹണ ഉദ്യോഗസ്ഥയും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് റീടെണ്ടർ ചെയ്യാൻ തീരുമാനിച്ചതെന്ന് കമ്മിറ്റി തീരുമാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പർച്ചേസ് കമ്മിറ്റി മിനിട്ട്സിൽ ഈ പദ്ധതികളുമായി ബന്ധപ്പെട്ട് യാതൊരു രേഖപ്പെടുത്തലുകളും ഇല്ല. ഉപകരണങ്ങൾ ഗുണനിലവാരം കുറഞ്ഞതാണെന്ന വിദഗ്ധ സമിതി റിപ്പോർട്ടോ സ്ഥാപനങ്ങളോട് ഉപകരണങ്ങൾ ഗുണനിലവാര പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന്റെ രേഖയോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

തുടർന്ന് 23-3-22 ലെ കമ്മിറ്റി തീരുമാനപ്രകാരം റീടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനങ്ങളുടെ ടെണ്ടർ അംഗീകരിച്ച് തീരുമാനിച്ചു. ആയത് മൂലം താഴെ പറയും പ്രകാരം അധിക ചെലവുണ്ടായി.

| പ്രോജക്ട് | ഗവ. സ്കൂളുകൾക്ക് ഓഫീസ് ഫർണീച്ചർ | പഞ്ചായത്തിലെ ഗവ. സ്കൂളുകൾക്ക് ബെഞ്ചും ഡസ്കും വാങ്ങൽ |
|---|---|---|
| ആദ്യം ടെന്ററിൽ അംഗീകരിച്ച സ്ഥാപനം | തമ്പുരാൻ കാലയിൽ | പ്ലാസാ എന്റർപ്രൈസസ് |
| നിരക്ക് | റിവോൾവിംഗ് ചെയർ 3,411/-<br>അലമാര 8,414/- | ബെഞ്ച് 2,390/-<br>ഡസ്ക് 2,480/- |
| റീടെണ്ടർ വഴി അംഗീകരിച്ച സ്ഥാപനം | പ്രണവം ഇൻഡസ്ട്രീസ് | ഷറഫുദ്ദീൻ, ആറ്റുവാരത്ത് |
| നിരക്ക് | റിവോൾവിംഗ് ചെയർ 5,000/-<br>അലമാര 9,500/- | ബെഞ്ച് 2,796/-<br>ഡസ്ക് 3,596/- |
| നിരക്കിലുള്ള വ്യത്യാസം | റിവോൾവിംഗ് ചെയർ 1,589/-<br>അലമാര 1,086/- | ബെഞ്ച് 406/-<br>ഡസ്ക് 1,116/- |
| നിരക്ക് വ്യത്യാസം മൂലമുള്ള അധികച്ചെലവ് | റിവോൾവിംഗ് ചെയർ 9,534/- (1589/- X 6)<br>അലമാര 6,516/- (1086/-x 6) | ബെഞ്ച് 25,172/- (406/- X 62)<br>ഡസ്ക് 69,192/- (1116/- X 62) |

മേൽ പ്രകാരം 1,10,414/-രൂപയുടെ അധിക ചെലവുണ്ടാകാനിടയായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ആദ്യ ടെണ്ടറിൽ അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങളുടെ ഫർണ്ണീച്ചറുകൾ ഗുണനിലവാരം കുറഞ്ഞതാണെന്ന് പർച്ചേസ് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതിനാൽ റീടെണ്ടർ ചെയ്തു എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഓഡിറ്റിന് ഹാജരാക്കിയ പർച്ചേസ് കമ്മിറ്റി മിനിട്ട്സിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. മേൽ സാഹചര്യത്തിൽ ഈയിനത്തിൽ അധികം ചെലവഴിച്ച 1,10,414/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കൂടാതെ 4,00,000/-രൂപ അടങ്കൽ ഉള്ള 'സ്കൂളുകൾക്ക് ബെഞ്ചും ഡസ്കും വാങ്ങൽ' എന്ന പദ്ധതിയ്ക്കായി എഗ്രിമെന്റ് പ്രകാരം ആകെ ചെലവാക്കാവുന്ന തുക 3,19,600/-രൂപ ആണെന്നിരിക്കെ 3,96,304/-രൂപ ചെലവാക്കിയതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ബാക്കി തുക ഉപയോഗിച്ച് 12 വീതം ബെഞ്ചും ഡസ്കും കൂടി വാങ്ങി എന്നാണ് അറിയിച്ചത്. ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് കൂടുതൽ എണ്ണം വാങ്ങാനുള്ള കമ്മിറ്റി തീരുമാനം, പുതുക്കിയ പ്രോജക്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

തുടർനടപടി സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 13/9-11-23

തടസ്സപ്പെടുത്തിയ തുക - 1,10,414/-രൂപ

1-30 പന്ത്രണ്ടാം തരം തുല്യത - ഗുണഭോക്താവല്ലാത്തവരുടെ പേരിൽ സാക്ഷരതാ മിഷന് തുക നൽകി.

പന്ത്രണ്ടാം തരം തുല്യതാ പരീക്ഷ എന്ന പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കളല്ലാത്ത വ്യക്തികളുടെ പേരിൽ തുക മാറി സാക്ഷരതാ മിഷന് നൽകി.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | എച്ച്.എം |
| പ്രോജക്ട് നമ്പർ | 94/23 |
| പ്രോജക്ട് | പന്ത്രണ്ടാം തരം തുല്യത - തുക നൽകൽ |
| അടങ്കൽ | 40,000/- |
| ഫണ്ടിനം | വികസനഫണ്ട് ജനറൽ |
| ചെലവ് | 40,000/- |
| ബിൽ നമ്പർ | 7/31-12-22 |

മേൽ പദ്ധതി പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് വേണ്ടി ഗ്രാമപഞ്ചായത്ത് 12-ാം തരം തുല്യതാ പരീക്ഷയ്ക്ക് വേണ്ടി സാക്ഷരതാ മിഷനിൽ തുക അടച്ചിട്ടുണ്ട്. എന്നാൽ രജിസ്ട്രേഷൻ ഫോം പരിശോധിച്ചതിൽ ഇവർ ബ്ലോക്ക് പഞ്ചായത്ത് വഴിയോ സ്വന്തം നിലയിലോ ഫീസ് അടച്ച് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളവരാണെന്ന് വ്യക്തമായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് (ശ്രീ/ശ്രീമതി) | രജിസ്ട്രേഷൻ ഫോം പ്രകാരം തുക നൽകിയ സ്ഥാപനം |
|---|---|
| സുൽഫിക്കർ.എൻ<br>ഇർഫാന മൻസിൽ, ചാലക്കര, പള്ളിമൺ | മുഖത്തല ബ്ലോക്ക് |
| ഷെമീറ.എസ്, ഇടയില വീട്, പള്ളിമൺ | സ്വയം |
| ഷീജ. എസ്, ചരുവിള പുത്തൻ വീട്, കാഞ്ഞിരത്തുമുകൾ, പള്ളിമൺ | സ്വയം |

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുക തിരികെ ഈടാക്കുകയോ അടുത്ത വർഷത്തെ പ്രോജക്ടിൽ അഡ്ജസ്റ്റ് ചെയ്യുകയോ ചെയ്ത് വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ക്രമവിരുദ്ധമായി ചെലവഴിച്ച 7,500/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 13/9-11-23

നിരാകരിച്ച തുക - 7,500/-രൂപ

## 1-31 പി.എം.എ.വൈ പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

പി.എം.എ.വൈ പഞ്ചായത്ത് വിഹിതം നൽകൽ എന്ന പദ്ധതിയ്ക്കായി ബ്ലോക്ക് പഞ്ചായത്തിലേക്ക് തുക നൽകിയെങ്കിലും നാളിതുവരെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| പ്രോജക്ട് നമ്പർ | 73/23 | 170/23 |
| പ്രോജക്ട് | പി.എം.എ.വൈ പഞ്ചായത്ത് വിഹിതം നൽകൽ | പി.എം.എ.വൈ പഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ | 5,60,000/- | 2,10,000/- |
| ഫണ്ടിനം | വികസനഫണ്ട് ജനറൽ | തനതുഫണ്ട് |
| ചെലവ് | 5,60,000/- | 2,10,000/- |
| ബിൽ നമ്പർ | 3/19-5-22 | 114343/9-12-12 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 7,70,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 12/8-11-23
തടസ്സപ്പെടുത്തിയ തുക - 7,70,000/-രൂപ

## 1-32 അംഗൻവാടി നിർമ്മാണം - പൂർത്തിയാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 34/23 |
| പ്രോജക്ട് | വാർഡ് 18 ലെ 82 നമ്പർ അംഗൻവാടി നിർമ്മാണം |
| അടങ്കൽ | 14,10,000/- (5,40,000/- + 8,70,000/-) |
| ഫണ്ടിനം | തനതു ഫണ്ട്, കേന്ദ്രഫണ്ട് |
| ചെലവ് | 5,40,000/- |
| ബിൽ നമ്പർ | 7895537/22-3-23 |

ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ പ്രകാരം മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന നടപടികൾ ചുവടെ കൊടുക്കുന്നു.

1. അംഗൻവാടി നിർമ്മാണത്തിന് വേണ്ടി ബിൽ നം. 7895537/22.03.23 പ്രകാരം 5,40,000/-രൂപ പിൻവലിച്ച് തൊഴിലുറപ്പ് പദ്ധതി ജില്ലാ മിഷൻ ഡയറക്ടറുടെ കൊല്ലം ജില്ലാ ട്രഷറിയിലെ 79901140000486 നം. അക്കൗണ്ടിലേക്ക് നൽകി. ഈചെലവ് സുലേഖാ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ട് കാണുന്നില്ല. തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടുമില്ല.
2. ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിൽ 27.03.2022 ൽ 799013100000 നം. അക്കൗണ്ടിൽ വന്ന തുക പിൻവലിക്കുന്നതിനായി ഐ.എൽ.ജി.എം.എസ്-ൽ പേയ്മെന്റ് ഓർഡർ ജനറേറ്റ് ചെയ്തു എങ്കിലും റിഡംപ്ഷൻ ഇനത്തിൽ മേൽ പ്രകാരമുള്ള തുക തിരികെ പിടിച്ചതിനാൽ തുക പിൻവലിക്കാനായില്ല. എന്നാൽ ജനറേറ്റ് ചെയ്ത പേയ്മെന്റ് ഓർഡർ ഇപ്പോഴും ക്യാൻസൽ ചെയ്തിട്ടില്ല. പേയ്മെന്റ് ഓർഡർ ക്യാൻസൽ ചെയ്യാതിരിക്കുന്നത് ക്രമവിരുദ്ധമാണ്.
3. ഫെഡറൽ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്ന് (അക്കൗണ്ട് നം. 2156010065034) തുക

പിൻവലിക്കുന്നതിനായി മേൽ പദ്ധതിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി മറ്റൊരു പേയ്മെന്റ് ഓർഡർ ജനറേറ്റ് ചെയ്ത് ചെക്ക് എഴുതിയെങ്കിലും (ചെക്ക് നം. 118785/22.3.23) ബാങ്കിൽ നൽകി പണമാക്കിയില്ല. ഈ ചെക്ക് ഇപ്പോഴും Cheque Issued Not Presented To Bank എന്ന പേരിൽ റീക്കൺസിലിയേഷനിൽ ഉൾപ്പെടുത്തി വരുന്നു. മേൽ പ്രകാരം പേയ്മെന്റ് ജനറേറ്റ് ചെയ്തതും ഇപ്പോഴും റീക്കൺസിലിയേഷനിൽ നിലനിർത്തിയിരിക്കുന്നതും ക്രമവിരുദ്ധമായ നടപടിയാണ്.

മേൽ പരാമർശങ്ങളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

എ) ക്രമ നം.1 പ്രകാരം നൽകിയ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ 5,40,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അംഗനവാടി നിർമ്മാണവുമായി ബന്ധപ്പെട്ട ചെലവുരേഖകൾ തൊഴിലുറപ്പ് പദ്ധതിയുടെ ജില്ലാ മിഷൻ ഡയറക്ടറിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം എന്നിവ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ബി) ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിൽ ലഭ്യമായ തുക റിഡംപ്ഷൻ ആയി തിരിച്ചുപിടിച്ച സാഹചര്യത്തിൽ ജനറേറ്റ് ചെയ്ത പേയ്മെന്റ് ഓർഡർ ക്യാൻസൽ ചെയ്ത് ആയതിന്റെ രേഖകളും ഇതുവരെ ക്യാൻസൻ ചെയ്യാതിരുന്നതിന്റെ കാരണവും സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

സി) ഫെഡറൽ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്ന് തുക പിൻവലിക്കുന്നതിനായി ജനറേറ്റ് ചെയ്ത പേയ്മെന്റ് ഓർഡർ ക്യാൻസൽ ചെയ്തും, പണമാക്കാത്ത ചെക്ക് പ്രകാരമുള്ള തുക വരവിലെടുത്തും ഇതുവരെ ഈ നടപടിക്രമങ്ങൾ പാലിക്കാതിരുന്നതിന്റെ കാരണം വിശദീകരിച്ചും രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് റിക്വസിഷൻ നം. - 2/10.11.23

തടസ്സപ്പെടുത്തിയ തുക – 5,40,000/-രൂപ

1-33 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കലിന് മുൻകൂറായി തുക കെ.എസ്.ഇ.ബി യ്ക്ക് നൽകിയെങ്കിലും പണി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | | | |
|---|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | | |
| പ്രോജക്ട് നമ്പർ | 164/23 | | |
| പ്രോജക്ട് | സ്ട്രീറ്റ് ലൈറ്റ് ദീർഘിപ്പിക്കൽ | | |
| അടങ്കൽ | 10,00,000/- | | |
| ഫണ്ടിനം | തനതുഫണ്ട് | | |
| ചെലവ് | 8,15,655/- | | |
| ബിൽ നമ്പർ, ചെക്ക് നമ്പർ | 6318790/16-11-22 | 1,03,368/- | കെ.എസ്.ഇ.ബി. പെരുമ്പുഴ |
| | | 1,81,901/- | കെ.എസ്.ഇ.ബി., ചാത്തന്നൂർ |
| | 6318796/23-12-22 | 54,767/- | കെ.എസ്.ഇ.ബി. വെളിയം |
| | 6318796/23-12-22 | 65,219/- | കെ.എസ്.ഇ.ബി. ചാത്തന്നൂർ |
| | 114376/31-12-22 | 68,200/- | കെ.എസ്.ഇ.ബി. നല്ലില |

| | | | |
|---|---|---|---|
| | 1175538/8-3-23 | 1,42,900/- | കെ.എസ്.ഇ.ബി. നല്ലില |
| | 1175538/8-3-23 | 15,371/- | കെ.എസ്.ഇ.ബി. കണ്ണനല്ലൂർ |
| | 1175538/8-3-23 | 84,605/- | കെ.എസ്.ഇ.ബി. കണ്ണനല്ലൂർ |
| | 117559/21-3-23 | 99,324/- | കെ.എസ്.ഇ.ബി. കണ്ണനല്ലൂർ |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സാക്ഷ്യപത്രം വാങ്ങി നൽകുന്നതാണെന്നറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 8,15,655/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 12/8-11-23

തടസ്സപ്പെടുത്തിയ തുക - 8,15,655/-രൂപ

1-34 പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടപ്പാക്കാത്തതിനാൽ പഞ്ചായത്തിന് അധിക ബാദ്ധ്യത.

ടാപ്പൊന്നിന് 14,559.12/-രൂപ പ്രതിവർഷനിരക്കിൽ 501 പൊതുടാപ്പുകൾക്ക് പ്രതിമാസം 6,07,838/-രൂപ വാട്ടർ ചാർജായി വാട്ടർ അതോറിറ്റിയിൽ അടക്കുന്നുണ്ട്. പൊതുടാപ്പുകളുടെ തൽസ്ഥിതി, സംയുക്ത പരിശോധന നടത്തുന്നതിന് സ്വീകരിച്ച നടപടികൾ, ജലജീവൻ പദ്ധതിയുടെ പൂർത്തീകരണം എന്നിവ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.

പഞ്ചായത്ത് - വാട്ടർ അതോറിറ്റി സംയുക്ത പരിശോധനയിലൂടെ വിവിധ വാർഡുകളിലെ പൊതുടാപ്പുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരശേഖരണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അധികമായി വാട്ടർ ചാർജിനത്തിൽ തുക അടവാക്കിയിട്ടുണ്ടെങ്കിൽ അത് തിട്ടപ്പെടുത്തി വരുംമാസങ്ങളിലെ ബില്ലുകളിൽ ക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. ജലജീവൻ മിഷൻ പൂർത്തിയാകുന്ന മുറയ്ക്ക് പൊതുടാപ്പുകൾ ഡിസ്കണക്ട് ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം 12/8-11-23

1-35 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - മുൻകൂർ നൽകിയെങ്കിലും പണി പൂർത്തിയാക്കിയില്ല.

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| പ്രോജക്ട് നമ്പർ | 8/23 | |
| പ്രോജക്ട് | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | |
| അടങ്കൽ | 10,00,000/- | |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തനതു ഫണ്ട് | |
| ചെലവ് | 10,00,000/- | |
| ബിൽ നമ്പർ | 9,75,600/- | XVFC/2022-23/P/13/ 12-9-22 |
| ചെക്ക് നമ്പർ | 24,400/- | 6318774/12-9-22 |

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ എക്സ്റ്റൻഷനായി തുക മുൻകൂറായി വാട്ടർ അതോറിറ്റിയ്ക്ക് നൽകിയെങ്കിലും (പ്രവൃത്തി പൂർത്തിയായിട്ടില്ല) ആയതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പണി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നറിയിച്ചു. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ഈയിനത്തിലെ 10,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 12/8-11-23

തടസ്സപ്പെടുത്തിയ തുക - 10,00,000/-രൂപ

## 1-36 തനത് വരുമാനം - അവലോകനം

### 1 ) വസ്തുനികുതി പരിഷ്കരണം

01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതി 2023-24 മുതൽ അടുത്ത അഞ്ച് വർഷത്തേയ്ക്ക് നിലവിലുള്ള നിരക്കിന്റെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുക, സോഫ്റ്റ് വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലമുള്ള നികുതി നഷ്ടം ഒഴിവാക്കാൻ കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. ഗ്രാമപഞ്ചായത്തിലെ സ്വകാര്യ കെട്ടിടങ്ങളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യാനായി ടെണ്ടർ പ്രകാരം ഊരാളുങ്കൽ ലേബർ സൊസൈറ്റിക്ക് നൽകിയിരുന്നു. എന്നാൽ സർവേ ചെയ്ത കെട്ടിടങ്ങളുടെ വിവരങ്ങൾ ഏരിയ തിരിച്ച് റിപ്പോർട്ട് നല്കിയിട്ടില്ല. പ്രസ്തുത പദ്ധതി നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. ആയത് കാലതാമസം കൂടാതെ നടപ്പിൽ വരുത്തുന്നതിന് ഭരണസമിതിയും ജീവനക്കാരും ശ്രദ്ധ ചെലുത്തേണ്ടതാണ്.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 18.04.23 ലെ 2(1)-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തു.

4) 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ്

(തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് (ഖണ്ഡിക 1-11).

( 5 ) ലൈസൻസ് – ഫീസ്

കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (ഖണ്ഡിക 1-12) ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്).

(6) ഷോപ്പിംഗ് കോംപ്ലക്സ് – വാടക സമയബന്ധിതമായി ഈടാക്കുന്നില്ല - അപാകതകൾ സംബന്ധിച്ച് ഖണ്ഡിക 1-13 ൽ പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്.

(7) വിനോദനികുതി - വരവ് തുക ഈടാക്കിയതിലെ അപാകത സംബന്ധിച്ച് ഖണ്ഡിക 1-14 ൽ പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വിവിധ വാർഡുകളിൽ മിനി എം.സി.എഫ് സ്ഥാപിക്കൽ : 19,756/-രൂപയുടെ അധികചെലവ് നിരാകരിക്കുന്നു.

പ്രോജക്ട് നം.SO 51/22-23 : വിവിധ വാർഡുകളിൽ മിനി എം.സി.എഫ് സ്ഥാപിക്കൽ.

അടങ്കൽ തുക : 10,50,000/-രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട്)
കരാറുകാരൻ : ശ്രീ.ആർ.അഭയദേവ്
കരാർ നം.04/AE/LSGD/NDPNA/21-22 Dtd.15.02.22
എം ബുക്ക് നം.384/21-22
എഗ്രീഡ് പി.എ.സി: 8,12,545.82/-രൂപ (13.21% കുറഞ്ഞ നിരക്കിൽ)
ചെലവ്: 9,09,559/-രൂപ (ചെക്ക് നം.JM2098499/11.1.23)
(ആകെ പ്രവൃത്തി മൂല്യം: 7,70,813/-
18%GST:.......: 1,38,746/-
ആകെ.............: 9,09,559/-)

മേൽ പദ്ധതിയിൽ, അംഗീകൃത എസ്റ്റിമേറ്റിലെ 3-ാം ഇനമായി 12.50: Providing And Fixing Pre-coated GI Profile Sheet...0.50 Mm (+0.05%)....എന്ന ഇനം 119.646 Sqm ഉൾപ്പെടുത്തിയിരുന്നു.തുടർന്ന് എസ്റ്റിമേറ്റ് പരിഷ്കരിച്ചപ്പോൾ മേൽ ഇനം ഒഴിവാക്കി പകരം 51.20: Providing And Fixing Pre-coated GI Profile Sheet...0.35mm(+0.05%)....എന്ന ഇനം ഉൾക്കൊള്ളിക്കുകയും 109.73 $M^2$ പ്രവൃത്തി ചെയ്തതിന് $677.42/m^2$(780.53 X -13.21%) നിരക്കിൽ 74,326.52/-രൂപ അനുവദിച്ച് നൽകുകയും ചെയ്തു.

51.20 എന്ന ഇനത്തിന് 21-22 വർഷത്തിൽ 38.14% Cost Index ഉൾപ്പടെ അനുവദനീയമായ നിരക്ക് 604.81/$m^2$ ആണ്.

51.20

Providing And Fixing Precoated Galvanised Iron Profile Sheets (Size, Shape And Pitch Ofcorrugation As Approved By Engineer-in-charge) 0.35 Mm (+0.05%), Total Coatedthickness With Zinc Coating 120 Grams Per Sqm As Per IS: 277, In 240 Mpa Steel Grade, 5-7 Microns Epoxy Primer On Both Side. Of The Sheet And Polyester Top Coat 15-18 Microns.Sheet Should Have Protective Guard Film Of 25 Microns Minimum To Avoid Scratchesduring Transportation And Should Be Supplied In Single Length Upto 12 Metre Or As Desiredby Engineer-in-charge. The Sheet Shall Be Fixed Using Self Drilling/self Tapping Screws Ofsize (5.5x55mm) With EPDM Seal, Complete Upto Any Pitch In Horizontal/ Vertical Orcurved Surfaces, Excluding The Cost Of Purlins, Rafters And Trusses And Including Cutting Tosize And Shape Wherever Required.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details Of Cost For 216.14sqm<br>(External Dimension Of Plinth)<br>Area Of Roof<br>20.2x10.70m=216.14sqm<br>Sheets Used = 20Nos X 10.70m X 1.06m = 226.84sqm<br>Add 3% Wastage = 6.81<br>Total = 233.65 Sqm | | | | |
| MR1269 | Precoated Galvanised Iron Profile Sheet 0.35mm TCT | Sqm | 233.65 | 367.00 | 85749.55 |
| 1023 | Galvanised Steel J Or L Hooks 8 Mm Dia | 10 Nos | 476.0 | 120.00 | 5712.0 |
| 1208 | Bitumen Washer | 100 Nos | 476.0 | 30.00 | 142.8 |
| 1209 | G.I. Plain Washer Thick | 100 Nos | 476.0 | 35.00 | 166.6 |
| 9977 | Carriage | L.S | 8.06 | 2.00 | 16.12 |
| 9999 | Sundries- | L.S | 39.52 | 2.00 | 79.04 |
| 0130 | Mistry | Day | 2.34 | 738.00 | 1726.92 |
| 0112 | Carpenter 2nd Class | Day | 9.34 | 679.00 | 6341.86 |
| 0114 | Beldar | Day | 9.34 | 558.00 | 5211.72 |
| TOTAL | | | | | 105146.61 |
| Add Water Charges @ 1% | | | | | 1051.47 |
| TOTAL | | | | | 106198.08 |
| Add CPOH @ 15% | | | | | 15929.71 |
| Cost Of 216.14sqm | | | | | 122127.79 |

| | |
|---|---|
| Cost Per Sqm | 565.04 |
| Say<br>Cost Index 38.14%<br>Total With Cost Index | 565.05<br>39.76<br>604.81 |

ആയതിൻ പ്രകാരം, ടെൻഡർ കുറവ് 13.21% കണക്കിലെടുത്തശേഷം അനുവദിക്കാമായിരുന്ന നിരക്ക് $M^2$ ന് 524.914/-രൂപയാണെന്നിരിക്കെ 677.42/$m^2$ നിരക്കിൽ തുക കണക്കാക്കി അനുവദിച്ചതുമൂലം 152.5/$m^2$ രൂപ നിരക്കിൽ 109.73 $M^2$ പ്രവൃത്തിക്ക് 19,746/-രൂപയുടെ അധിക ചെലവുണ്ടായതായി കണക്കാക്കുന്നു. (16,733.825/- *18%GST). ഇത്തരത്തിൽ അധിക തുക കരാറുകാരനനുവദിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 19,746/-രൂപയുടെ അധികചെലവ് ഉത്തരവാദിയായ പദ്ധതി നിർവ്വഹണാധികാരിയിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തണം.
ഓഡിറ്റ് എൻക്വയറി നം. – 9/8.11.23
നിരാകരിച്ച ചെലവ് – 19,746/-രൂപ

3-2 സ്റ്റാക്ക് ചെയ്തതിൽ കൂടുതൽ മണൽ ഉപയോഗിച്ചതായി രേഖപ്പെടുത്തി അധികം തുക അനുവദിച്ചു.

നെടുമ്പന യു പി എസ് ചരുവിള റോഡ് കോൺക്രീറ്റിംഗ് (RC 345820)
സ്റ്റാക്ക് ചെയ്ത Coarse Sand ന്റെ അളവ് – 29.93 $M^3$ (As Per M Book)
ഉപയോഗിച്ച Coarse Sand ന്റെ അളവ് – 32.045 $M^3$ (As Per M Book)
സ്റ്റാക്ക് ചെയ്തതിൽ കൂടുതലായി Coarse Sand ഉപയോഗിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
29.93 $M^3$ Coarse Sand ന് അനുവദിക്കാവുന്ന തുക – 29.93 X 2047.50 = 61,282/-രൂപ
32.045 $M^3$ Coarse Sand ന് അനുവദിച്ച തുക – 32.045 X 2047.50 = 65,612/-രൂപ
അധികമായി നല്കിയ തുക = 4,330/-രൂപ
റോഡ് കോൺക്രീറ്റിന് മെറ്റിൽ, സിമന്റ് തുടങ്ങിയ സാധനങ്ങൾ എസ്റ്റിമേറ്റിൽ കുറഞ്ഞ അളവിലായി ഉപയോഗിച്ച സാഹചര്യത്തിൽ മണൽ മാത്രമായി അധിക അളവിൽ ഉപയോഗിച്ചത് അംഗീകരിക്കുന്നില്ല. അധികമായി നല്കിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം – 10/8-11-2023
നിരാകരിക്കുന്ന തുക – 4,330/-രൂപ
നിർവഹണ ഉദ്യോഗസ്ഥൻ – അക്രഡിറ്റഡ് എഞ്ചിനീയർ MGNREGS

3-3 പന്ത്രണ്ടാം തരം തുല്യത - ഗുണഭോക്താവല്ലാത്തവരുടെ പേരിൽ സാക്ഷരതാ മിഷന് തുക നൽകി.

പന്ത്രണ്ടാം തരം തുല്യതാ പരീക്ഷ എന്ന പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കളല്ലാത്ത വ്യക്തികളുടെ പേരിൽ തുക മാറി സാക്ഷരതാ മിഷന് നൽകി.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | എച്ച്.എം |
| പ്രോജക്ട് നമ്പർ | 94/23 |
| പ്രോജക്ട് | പന്ത്രണ്ടാം തരം തുല്യത - തുക നൽകൽ |
| അടങ്കൽ | 40,000/- |

| | |
|---|---|
| ഫണ്ടിനം | വികസനഫണ്ട് ജനറൽ |
| ചെലവ് | 40,000/- |
| ബിൽ നമ്പർ | 7/31-12-22 |

മേൽ പദ്ധതി പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് വേണ്ടി ഗ്രാമപഞ്ചായത്ത് 12-ാം തരം തുല്യതാ പരീക്ഷയ്ക്ക് വേണ്ടി സാക്ഷരതാ മിഷനിൽ തുക അടച്ചിട്ടുണ്ട്. എന്നാൽ രജിസ്ട്രേഷൻ ഫോം പരിശോധിച്ചതിൽ ഇവർ ബ്ലോക്ക് പഞ്ചായത്ത് വഴിയോ സ്വന്തം നിലയിലോ ഫീസ് അടച്ച് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളവരാണെന്ന് വ്യക്തമായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് (ശ്രീ/ശ്രീമതി) | രജിസ്ട്രേഷൻ ഫോം പ്രകാരം തുക നൽകിയ സ്ഥാപനം |
|---|---|
| സുൽഫിക്കർ.എൻ<br>ഇർഫാന മൻസിൽ, ചാലക്കര, പള്ളിമൺ | മുഖത്തല ബ്ലോക്ക് |
| ഷെമീറ.എസ്, ഇടയില വീട്, പള്ളിമൺ | സ്വയം |
| ഷീജ. എസ്, ചരുവിള പുത്തൻ വീട്, കാഞ്ഞിരത്തുമുകൾ, പള്ളിമൺ | സ്വയം |

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുക തിരികെ ഈടാക്കുകയോ അടുത്ത വർഷത്തെ പ്രോജക്ടിൽ അഡ്ജസ്റ്റ് ചെയ്യുകയോ ചെയ്ത് വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ക്രമവിരുദ്ധമായി ചെലവഴിച്ച 7,500/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 13/9-11-23
നിരാകരിച്ച തുക - 7,500/-രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 06.11.23 | കെ.എസ്.എ.കെ.എൽ.എം.പി.7/1949/23<br>തീയതി – 21.12.2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 760000/- | ലൈഫ് ഭവന നിർമ്മാണം-പട്ടികജാതി | 760000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000/- | ലൈഫ് ഭൂമി വാങ്ങൽ ജനറൽ | 200000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1160000/- | ലൈഫ് ഭവന നിർമ്മാണം-ജനറൽ | 1160000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 788469/- | ലൈഫ് ഭവന നിർമ്മാണം-ജനറൽ | 788469/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1960000/- | ലൈഫ് ഭവന നിർമ്മാണം-പട്ടികജാതി | 1960000/- | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 100000/- | അംഗൻവാടി പോഷകാഹാരം ജനറൽ | 100000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000/- | സ്നേഹസ്പർശം – ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 100000/- | അംഗൻവാടി പോഷകാഹാരം | 100000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 909587/- | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 909587/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1040000/- | ലൈഫ് ഭവന നിർമ്മാണം-പട്ടികജാതി | 1040000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 65110/- | അംഗൻവാടി പോഷകാഹാരം ജനറൽ | 65110/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 200000/- | സ്നേഹസ്പർശം – ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 488000/- | പള്ളിമുക്ക് കോക്കോട്ട് ചിറ പ്രവാസി ഹോട്ടൽ റോഡ് | 488000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 38601/- | പാലിന് സബ്സിഡി – എസ് സി പി | 38601/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 300000/- | പാലിന് സബ്സിഡി | 300000/- | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | പോസ്റ്റ്ഷിഫ്റ്റിംഗ് | 117518/ 23-2-23 | 23,126/- | 0 | 23,126/- |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈറ്റ് ദീർഘിപ്പിക്കൽ | 6318790/ 16-11-22 | 1,03,368/- | 0 | 1,03,368/- |
| | | 6318790/ 16-11-22 | 1,81,901/- | 0 | 1,81,901/- |
| | | 6318796/ 23-12-22 | 54,767/- | 0 | 54,767/- |
| | | 6318796/ 23-12-22 | 65,219/- | 0 | 65,219/- |

| | | | | | |
|---|---|---|---|---|---|
| | | 114376/31-12-22 | 68,200/- | 0 | 68,200/- |
| | | 1175538/<br>8-3-23 | 1,42,900/- | 0 | 1,42,900/- |
| | | 1175538/<br>8-3-23 | 15,371/- | 0 | 15,371/- |
| | | 1175538/<br>8-3-23 | 84,605/- | 0 | 84,605/- |
| | | 117559/<br>21-3-23 | 99,324/- | 0 | 99,324/- |
| കേരളാ വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | XVFC/2022-23<br>/P/13/<br>12-9-2022 | 9,75,600/- | 0 | 9,75,600/- |
| | | 6318774/<br>12-9-22 | 24,400/- | 0 | 24,400/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2,36,20,000/-രൂപ വരവുണ്ട്. മുൻബാക്കി 10,60,000/-രൂപയടക്കം 2,46,80,000/-രൂപയിൽ 1,40,20,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 2,36,20,000/- | 6,00,16,000/- | 79,06,463/- | | 7,57,29,537/- |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,000/- |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 3,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,000/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

ലഭ്യമല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 33,600/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2020-21 | 1-7-2 | 33,600/- | ശ്രീ.മുഹമ്മദ് റാഫി | 1220104325/17.01.23 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 3-1 | 2016-17 | 4.1.3 | അടിസ്ഥാന സൗകര്യ വികസനം | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 3-2 | 2016-17 | 4.6.1 | ആസ്തി ആർജ്ജിക്കൽ | |
| 2014-15 | 2-2 | 2016-17 | 3.12 | പെർമിറ്റ് ഫീസ് | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക(രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 19,746/- | ശ്രീ. റാസിഫ്. എം, അസി.എഞ്ചിനിയർ |
| 3-2 | | 4,330/- | ശ്രീമതി മിനിലൂക്കോസ്, അക്രഡിറ്റഡ് എഞ്ചിനീയർ എം.ജി.എൻ.ആർ.ഇ.ജി.എസ് |
| 3-3 | | 7,500/- | ശ്രീമതി മിനി സാമുവേൽ, ഹെഡ് മിസ്ട്രസ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 23,126/- | ശ്രീമതി ലേഖ വി എസ്, സെക്രട്ടറി |
| 1-23 | 1,13,061/- | ശ്രീ. റാസിഫ്. എം, അസി.എഞ്ചിനിയർ |
| 1-25 | 30,533/- | ഡോ.നെബു ജോൺ, മെഡിക്കൽ ഓഫീസർ-സി എച്ച്സി |

| | | |
|---|---|---|
| | 3,83,460/- | ഡോ. അനീഷ്.പി. ഐ, മെഡിക്കൽ ഓഫീസർ-സി എച്ച്സി |
| 1-27 | 76,500/- | ശ്രീമതി ലേഖ വി എസ്, സെക്രട്ടറി |
| 1-28 | 27,02,354/- | ശ്രീമതി ലേഖ വി എസ്, സെക്രട്ടറി |
| 1-29 | 1,10,414/- | ശ്രീമതി മിനി സാമുവേൽ, ഹെഡ് മിസ്ട്രസ് |
| 1-31 | 7,70,000/- | ശ്രീമതി ലേഖ വി എസ്, സെക്രട്ടറി |
| 1-32 | 5,40,000/- | ശ്രീമതി ലേഖ വി എസ്, സെക്രട്ടറി |
| 1-33 | 8,15,655/- | ശ്രീമതി ലേഖ വി എസ്, സെക്രട്ടറി |
| 1-35 | 10,00,000/- | ശ്രീമതി ലേഖ വി എസ്, സെക്രട്ടറി |

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ലേഖ വി എസ്, സെക്രട്ടറി | സെക്രട്ടറി, നെടുമ്പന ഗ്രാമപഞ്ചായത്ത് | കാർത്തിക, നെടുമ്പന, നെടുമ്പന പി.ഒ |
| ശ്രീ. റാസിഫ്. എം, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, നെടുമ്പന ഗ്രാമപഞ്ചായത്ത് | അൽ-നസീഫ്, കിഴക്കേപ്പുറം, അയിരൂർ, വർക്കല |
| ശ്രീമതി മിനില്ലൂക്കോസ്, അക്രഡിറ്റഡ് എഞ്ചിനീയർ, എ.ജി.എൻ ആർ ഇ ജി എസ് | വിരമിച്ചു | കെ.എൽ. എം ഹൌസ്, മീയണ്ണൂർ. പി.ഒ, കൊല്ലം |
| ഡോ.നെബു ജോൺ, മെഡിക്കൽ ഓഫീസർ സി എച്ച് സി | മെഡിക്കൽ ഓഫീസർ സി എച്ച് സി, വാടാനപ്പള്ളി, തൃശ്ശൂർ | ബെതനിയ, പേരുകാവ് പി.ഒ, തിരുവനന്തപുരം |
| ഡോ. അനീഷ്.പി. ഐ, മെഡിക്കൽ ഓഫീസർ-സി എച്ച്സി | മെഡിക്കൽ ഓഫീസർ-സി എച്ച്സി, നെടുമ്പന ഗ്രാമപഞ്ചായത്ത് | പൂവോട്ട് ചരുവിള വീട്, പൂയപ്പള്ളി, കൊല്ലം |
| ശ്രീമതി മിനി സാമുവേൽ, ഹെഡ് മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, നെടുമ്പന ഗ്രാമപഞ്ചായത്ത് | പുത്തൻപുര (ചൈത്രം), കുരീപ്പള്ളി, പി.ഒ, കൊല്ലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2005-06 | കെ.എസ്സ്.എ.കെ.എൽ.എം.പി7/415/2018, Dated,26-2-18 | 2 |

| | | |
|---|---|---|
| 2006-07 | കെ.എസ്സ്.എ.കെ.എൽ.എം.പി7/1113/2022, Dated, 10-10-22 | 9 |
| 2007-08 | കെ.എസ്സ്.എ.കെ.എൽ.എം.പി7/1114/2022, Dated, 29-9-22 | 6 |
| 2008-09 | കെ.എസ്സ്.എ.കെ.എൽ.എം.പി7/810(3)/2019, Dated, 12-6-19 | 6 |
| 2010-11-2011-12 | കെ.എസ്സ്.എ.കെ.എൽ.എം.പി7/Ada./10-11 & 11-12/672/22 25.08.22 | 7 |
| 2012-13-2013-14 | കെ.എസ്.എ.കെ.എൽ.എം.പി.7/Ada./2012-13 &13-14 /672/22 25.08.22 | 14 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി7/Ada. 2014-15/672/22 25.08.22 | 19 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.7/Ada 2015-16/672/22 25.08.22 | 13 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി.7/1498/22, Dated. 11.10.22 | 11 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി.7/1868/18, Dated, 26.02.18 | 11 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി.7/675/22, Dated.24.09.22 | 7 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി.7/1059/21, Dated, 06.06.22 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി.7/1156/21, Dated, 08.07.22 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ.കെ.എൽ.എം.പി.7/438/2023, Dated, 10/04/2023 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 30-06-2023 and submitted on 11-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Nedumpana Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Nedumpana Grama Panchayat for the year 2022-2023

Date: 21/12/2023

Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Nedumpana Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Non production of investment and other share certificate for physical verification

**2.Other Observations**

1. Disparity in the reconciliation of closing balance of the own fund bank account.
2. Opening balance and closing balance in the Life loan account are not accurate.
3. The following mandatory financial statements prescribed in accounting rules are not submitted for audit-

Ratios

4. Schedules of the following financial statements are not submitted.

B 1 Schedule

5. Cashflow statement-Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

6. The following registers are not maintained- stock register, asset register

7. Lapses in making timely and accurate demand entries in respect of tax and non tax revenue.

8. Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items

9. Grant liability amount shown as liability in Balance sheet does not match with Bank account opened for the specified grant account.
10. Uncashed treasury bills are recorded as expenditure in web sankya ACR.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം- 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്